158

നിയമസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

ജൂൺ 2010

3.00 ക.



# പ്രകൃതി വിഭവങ്ങൾ സർക്കാർ വിറ്റുതിന്നുന്നു

**- ഡോ. വിനായക് സെൻ -**

**ഇ**ന്ത്യയിലെ പ്രകൃതി വിഭവങ്ങൾ വലിയൊരു ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിവിശാലമായ ഭൂപ്രദേശങ്ങൾ, വനങ്ങൾ, ജലസംഭരണികൾ എന്നിവയെല്ലാം അന്താരാഷ്ട്ര ഏജൻസികളുടെ ഇന്ത്യൻ ശാഖകൾക്ക് സർക്കാർ കൈമാറിക്കൊണ്ടിരിക്കുന്നു. സ്വകാര്യ സ്വത്തല്ലാത്തതെല്ലാം സർക്കാർ സ്വത്താണെന്ന കൊളോണിയൽ ഗവർമ്മേണ്ടിന്റെ സിദ്ധാന്തം സ്വതന്ത്ര ഭാരതത്തിലെ ഗവർമ്മേണ്ടും പിൻതുടർന്നുവരുന്നു. ഈ സിദ്ധാന്തമനുസരിച്ച് ജനങ്ങൾ ഇത്രകാലവും അനുഭവിച്ചു വന്നിരുന്ന ഭൂമിയും വനവും വെള്ളവുമെല്ലാം മുതലാളിമാർക്ക് കൈമാറിക്കൊണ്ടിരിക്കുകയാണ്.

ഛത്തീസ്ഗഡ് നല്ലൊരു ഉദാഹരണമാണ്. ആ പ്രദേശമകെ വനമായിരുന്നു. ഇപ്പോൾ വ്യവസായ വൽക്കരണത്തിന്റേയും സാമ്പത്തിക വികസനത്തിന്റേയും പേരിൽ ഇതൊക്കെ ജനങ്ങളിൽനിന്ന് പിടിച്ചെടുത്തുകൊണ്ടിരിക്കുകയാണ്.

ഇന്ത്യയിലെ വികസന പദ്ധതികൾ നോക്കിയാൽ, പ്രകൃതി വിഭവങ്ങളിൽ സർക്കാരിന്നുള്ള അവകാശമെന്ന സിദ്ധാന്തം ദുരുപയോഗപ്പെടുത്തി പാവങ്ങളിൽവച്ച് പാവങ്ങളായവരുടെ ഉപജീവനമാർഗ്ഗം കവർന്നെടുത്തതായി കാണാം. ദരിദ്രരെ കുടിയിറക്കി വഴിയാധാരമാക്കുന്നതിലാണ് ഈ പദ്ധതികൾ ചെന്നെത്തുന്നത്.

ഗവർമ്മേണ്ടിന്റെ എല്ലാ പ്രവർത്തനങ്ങളും ജനങ്ങൾക്കിടയിലെ അസമത്വം കുറയ്ക്കാനും സമത്വം വളർത്താനുമായിരിക്കണമെന്ന് ഭരണഘടനയിലെ നിയാമക തത്വങ്ങളിൽ അനുശാസിക്കുന്നുണ്ടെങ്കിലും, സമീപകാല സംഭവങ്ങൾ ഇതിനെയെല്ലാം പാടെ ധ്വംസിക്കുന്നതായിട്ടാണ് കാണുന്നത്. വാസ്തവത്തിൽ വികസന പ്രവർത്തനങ്ങൾമൂലം ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം എന്നിവയിലെല്ലാം അസമത്വം വർധിച്ചിരിക്കുകയാണ്.

ഗോത്രവർഗ്ഗ മേഖലയുടെ വികസനമെന്നു പറഞ്ഞാൽ റോഡുകളും വീടുകളും നിർമ്മിക്കൽ മാത്രമല്ല; സമത്വവും സാമൂഹ്യ നീതിയും ജനകീയ പരമാധികാരവും വളർത്തൽ കൂടിയാണ്. എല്ലാവരും സമാധാനത്തെപ്പറ്റി പറയുന്നുണ്ട്. എന്നാൽ ചൂഷണ വ്യവസ്ഥക്കും അന്യായമായ സാമൂഹ്യ ക്രമത്തിന്നും കൂട്ടുനിൽക്കുന്നത് യഥാർത്ഥ സമാധാനമല്ല. നീതിക്കും സമത്വത്തിന്നുമായി ഒരു പ്രസ്ഥാനമാണാവശ്യം.

ഛത്തീസ്ഗഡിലെ ബസ്താറിന് ചെറുത്തുനില്പിന്റേതായ ഒരു ചരിത്രമുണ്ട്. അത് ഇപ്പോഴത്തേക്കാൾ വ്യാപകമായിരുന്നു. അതു ഇന്നത്തെ മാവോയിസ്റ്റ് പ്രസ്ഥാനത്തേക്കാൾ ശക്തവുമായിരുന്നു. ❑



ജനനീതി

ജൂൺ 2010

**158**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# മുന്നണി രാഷ്ട്രീയം വരുത്തിക്കൂട്ടുന്ന വിനകൾ

**ഈ**യിടെ കേരളത്തിലെ ഇടതുമുന്നണി മന്ത്രിസഭയിലെ ഒരംഗം കൊഴിഞ്ഞുപോയി. മന്ത്രിസഭയിൽനിന്നും താൻ രാജിവച്ചതാണെന്ന് പി.ജെ. ജോസഫ് പറയുന്നു; അതല്ല ജോസഫിനെ പുറത്താക്കിയതാണെന്ന് മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദൻ പറയുന്നു. ഏതായാലും രണ്ടുപേരും കാരണമൊന്നും വിശദീകരിച്ചിട്ടില്ല. കേരളത്തിലെന്നല്ല ഇന്ത്യയിൽതന്നെ കണ്ടുവരുന്ന മുന്നണി രാഷ്ട്രീയമെന്ന ആഭാസത്തരത്തിന്റെ പ്രത്യേകതയാണിത്.

വിമോചനസമരത്തിന്നു ശേഷം 1960 ൽ കേരളത്തിൽ നടന്ന ഇടക്കാല തിരഞ്ഞെടുപ്പാണ് മുന്നണി രാഷ്ട്രീയത്തിന്റെ ഉറവിടമെന്നു പറയാം. പക്ഷെ അത് ആദർശാധിഷ്ഠിതമായിരുന്നു. ഒരു മുന്നണി രാഷ്ട്രീയമെന്നതിനേക്കാൾ അതൊരു “കമ്യൂണിസ്റ്റ്” വിരുദ്ധ മുന്നണി രാഷ്ട്രീയമായിരുന്നു; മറ്റൊരു തരത്തിൽ പറഞ്ഞാൽ അത് ആദർശാധിഷ്ഠിതവും രചനാത്മകവുമായിരുന്നു. ശരിക്കുള്ള, നിഷേധാത്മകമായ മുന്നണി രാഷ്ട്രീയം ഉദയം ചെയ്തത് 1967 ലാണ്. രാജ്യതന്ത്രജ്ഞന്മാരിൽ അഗ്രിമസ്ഥാനത്തു നിന്നിരുന്ന ഡോ. രാംമനോഹർ ലോഹിയയാണ് അതിന്റെ മാർഗ്ഗ രേഖകൾ തയ്യാറാക്കിയത്.

ഇന്ത്യക്കാർ എന്നും തമ്മിൽ തല്ലുന്നവരായിരുന്നു. അടിസ്ഥാനപരമായി പറഞ്ഞാൽ ഗോത്രവർഗ്ഗങ്ങളുടെ ഒരു സമൂഹമാണ് ഇന്ത്യ. സ്വാതന്ത്ര്യ സമരകാലത്ത് ജനങ്ങൾ ഒരുവിധത്തിൽ ഒറ്റകെട്ടായിനിന്നുവെങ്കിലും സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഈ ഐക്യം നിലനിർത്താനായില്ല. ഭരണകക്ഷിക്കാരെ ഒരു

മിപ്പിച്ചു നിർത്താൻ "അധികാര"ത്തിന്നു കഴിഞ്ഞിരുന്നുവെങ്കിലും പ്രതിപക്ഷക്കാർ അനേകം "ജാതി"ക്കാരും ഉപജാതിക്കാരുമയി ചിന്നിച്ചിതറിപോയിരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ജനാധിപത്യം പ്രാവർത്തികമാക്കാൻ ഇവിടെ മാർഗ്ഗമൊന്നുമില്ലായിരുന്നു. ഈയൊരു പ്രതിസന്ധിയിലാണ് ഡോ. ലോഹിയ രംഗപ്രവേശം ചെയ്യുന്നത്. കോൺഗ്രസ് ഒരു ശാശ്വത ഭരണകക്ഷിയായിത്തീരുന്നതു തടയണമെങ്കിൽ പ്രതിപക്ഷ കക്ഷികൾ ഒന്നിച്ചണിനിരക്കേണ്ടതുണ്ടായിരുന്നു. മോരും മുതിരയും പോലെ ചിതറി കിടക്കുന്ന പ്രതിപക്ഷ കക്ഷികളെ ഒന്നിച്ചണിനിരത്താൻ "കോൺഗ്രസ്സിതരത്വം" എന്നൊരു സിദ്ധാന്തം അദ്ദേഹം ആവിഷ്കരിച്ചു. സോഷ്യലിസ്റ്റ് പാർട്ടിക്കോ കമ്യൂണിസ്റ്റ് പാർട്ടിക്കോ "അധികാര"മെന്ന ഒരൊറ്റ ശക്തിയിൽ ഒന്നിച്ചുനിൽക്കുന്ന കോൺഗ്രസ്സിനെ തോൽപ്പിക്കാനാകുമായിരുന്നില്ല.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യയിലെ രാഷ്ട്രീയ രംഗത്ത് ഒട്ടേറെ പരീക്ഷണങ്ങൾ നടന്നു. കോൺഗ്രസ്സിലെ അതികായന്മാരായിരുന്ന പട്ടേൽ ആസാദ്, കൃപലാനി തുടങ്ങിയവരെല്ലാം നെഹ്റുവിന്റെ നയങ്ങൾക്കെതിരായിരുന്നു. കൃപലാനി കോൺഗ്രസ് വിട്ട് പുതിയൊരു പാർട്ടിതന്നെ രൂപീകരിച്ചു. അതിന്ന് വേരുറക്കാതിരുന്നതിനാൽ സോഷ്യലിസ്റ്റ് പാർട്ടിയുമായി ചേർന്ന് പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുണ്ടാക്കി. അധികാര രാഷ്ട്രീയത്തിന്റെ സ്ഥാനത്ത് ആദർശ രാഷ്ട്രീയം കൊണ്ടുവരാൻ ജയപ്രകാശ് നാരായൺ നടത്തിയ ശ്രമവും വിഫലമായി. അവസാനം ജയപ്രകാശ് രാഷ്ട്രീയം തന്നെ ഉപേക്ഷിച്ചു. സോഷ്യലിസ്റ്റുകാർ, ഇന്നത്തെ കമ്യൂണിസ്റ്റുകാരെപ്പോലെ നാനാവഴിക്ക് ചിന്നിച്ചിതറിപ്പോയി. ഡോ. ലോഹിയയെപ്പോലുള്ള അതികായന്മാർക്കുപോലും ഒന്നും ചെയ്യാനാകാത്ത സ്ഥിതിവന്നു. അധികാരമാണ്, ആദർശമല്ല കോൺഗ്രസ്സിനേയും കോൺഗ്രസ്സുകാരെയും നയിക്കുന്നതെന്നു കണ്ട ഡോ. ലോഹിയ കോൺഗ്രസ്സിന്നെതിരായ ഒരു അധികാരകേന്ദ്രം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത കണ്ടറിഞ്ഞു. "കോൺഗ്രസ്സിതരത്വം" എന്ന രാഷ്ട്രീയം രൂപംകൊണ്ടത് അങ്ങനെയാണ്. കോൺഗ്രസ്സിനെ എതിർക്കുന്ന എല്ലാവരുടേയും ഒരു മുന്നണിയായിരുന്നു അത്.

വാസ്തവത്തിൽ ദയനീയമായിരുന്നു ആ കാഴ്ച. കമ്യൂണിസ്റ്റുകാരും ജനസംഘക്കാരും സോഷ്യലിസ്റ്റുകാരും സ്ഥാനമാനങ്ങൾ ലഭിക്കാത്തതുകൊണ്ടുമാത്രം കോൺഗ്രസ് വിട്ട അധികാരമോഹികളും കാലുമാറ്റക്കാരും കുതികാൽ വെട്ടുകാരുമെല്ലാം കോൺഗ്രസ്സിന്നെതിരായി ഒന്നിച്ചണി നിരക്കുന്ന കാഴ്ചയാണ് 1967ലെ തിരഞ്ഞെടുപ്പിൽ കണ്ടത്. ഒരു ഡസനോളം സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന്ന് അന്ന് അധികാരം നഷ്ടപ്പെട്ടു. അധികാരം കയ്യടക്കാൻ വേണ്ടി തട്ടിക്കൂട്ടുന്ന ഐക്യമുന്നണികളും അധികാരത്തിൽനിന്ന് തട്ടിത്തെറിപ്പിക്കാനായി നടത്തുന്ന കാലുമാറ്റങ്ങളും ഇന്ത്യൻ രാഷ്ട്രീയത്തെ ഒരു മീൻചന്തയാക്കി മാറ്റി.

ഇന്ദിരാഗാന്ധിക്ക് പറ്റിയ അവസരമായിരുന്നു അത്. അധികാരമാണ് സർവ്വസ്വവുമെന്ന് വിശ്വസിച്ചിരുന്ന അവർ തട്ടിക്കൂട്ടാത്തതോ തട്ടിത്തെറിപ്പിക്കാത്തതോ ആയ മുന്നണികൾ ഒന്നുമുണ്ടായിരുന്നില്ല. പ്രധാനമന്ത്രിയാക്കാമെന്നു പറഞ്ഞ് ജനതാഗവർമ്മേണ്ടിൽനിന്ന് വിളിച്ചിറക്കികൊണ്ടുവന്ന ചരൺസിങ്ങിന്ന് വിശ്വാസവോട്ടു നേടാൻപോലും അവസരം നൽകാതെ ബ്ലീച്ചടിപ്പിച്ച ഇന്ദിരയുടെ നയചാതുരിക്കുമുന്നിൽ ഏതുമാക്കിയവെല്ലിയും തോറ്റുപോകും. സഞ്ജീവറെഡ്ഡിയെ രാഷ്ട്രപതിയാക്കാനുള്ള തീരുമാനത്തിന്ന് അടിവരയിട്ട ശേഷം മനസ്സാക്ഷി സിദ്ധാന്തം അവതരിപ്പിച്ച് വി.വി. ഗിരിയെ രാഷ്ട്രപതിയാക്കിയ ഇന്ദിരയുടെ രാഷ്ട്രീയ തന്ത്രജ്ഞതയും അപാരമായിരുന്നു. ഇന്ദിരാഗാന്ധിയെ പഴി പറഞ്ഞിട്ടു കാര്യമില്ല. ഇന്ദിരക്കു ശേഷവും സ്ഥിതി അതുതന്നെയായിരുന്നു. മുന്നണി രാഷ്ട്രീയത്തിൽ അത്ഭുതാവഹമായ മിടുക്കു കാണിച്ചുവെന്നതുമാത്രമേ ഇന്ദിരക്കെതിരായി പറയാനുള്ളു. അതിന്നു ശേഷം നടന്നതും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്– ഏറ്റക്കുറച്ചിലുണ്ടാകാമെന്നുമാത്രം.

രാഷ്ട്രീയ മുന്നണികൾ അസാധാരണമല്ല. അതിൽ തെറ്റില്ല. അപകടവുമില്ല. അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ അപൂർവ്വം ചില രാജ്യങ്ങളിൽ മാത്രമേ ദ്വികക്ഷിഭരണ സമ്പ്രദായം വേരൂന്നി വളർന്നുവന്നിട്ടുള്ളൂ. മറ്റു രാജ്യങ്ങളിലെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ രാഷ്ട്രീയ മുന്നണികൾ ഭരണത്തിലുണ്ട്. പക്ഷെ അവയെല്ലാം തത്വാധിഷ്ഠിതമാണ്; ചില പരിപാടികളെ അടിസ്ഥാനമാക്കിയുള്ളതാണ്. അധികാരത്തിൽ കയറിപ്പറ്റാനോ അധികാരം പിടിച്ചെടുക്കാനോ ആയി സൃഷ്ടിക്കുന്ന മുന്നണികളല്ല ഇവ. ഒരു കക്ഷിക്ക് ഒറ്റക്ക് ഭരിക്കാനുള്ള സാഹചര്യമില്ലെങ്കിൽ, യോജിക്കാവുന്ന മറ്റേതെങ്കിലും ഒന്നോ രണ്ടോ പാർട്ടികളെ കൂട്ടു പിടിക്കേണ്ടിവരും. ചില പരിപാടികളുടെ അടിസ്ഥാനത്തിൽ അവരൊരു മുന്നണിയുണ്ടാക്കുന്നു. ആ പരിപാടി പ്രകാരം ഭരിക്കാനാവില്ലെന്നുവന്നാൽ, ഗവർമ്മേണ്ട് രാജിവച്ചൊഴിയുന്നു. അവിടെ കാലുമാറ്റമില്ല; ചാക്കിട്ടു പിടുത്തവുമില്ല. ഇത്തരത്തിലുള്ള ആദർശാധിഷ്ഠിത മുന്നണികൾ നാടിന്ന് ഗുണമേ ചെയ്തിട്ടുള്ളൂ. ഇന്ത്യിൽ 2004ലെ തിരഞ്ഞെടുപ്പിന്നു ശേഷം രൂപം കൊണ്ട ഭരണമുന്നണി ഏതാണ്ട് ഇത്തരത്തിൽ പെടും. അനേകം നല്ല നിയമനിർമ്മാണങ്ങൾ നടത്താനും സൽഭരണം കാഴ്ചവയ്ക്കാനും അതിന്ന് ആദ്യഘട്ടത്തിൽ സാധിക്കുകയുണ്ടായി.

എന്നാൽ ഇന്ത്യയിൽ പൊതുവേയും സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും രൂപംകൊള്ളുന്ന ഭരണമുന്നണികളൊന്നും ഇത്തരത്തിൽ പെട്ടതല്ല. അഴിമതിക്കും ദുർഭരണത്തിന്നും പരസ്പരം കൂട്ടുനിൽക്കുന്ന മുന്നണികളാണിവയെല്ലാം. നിങ്ങൾക്ക് ഭരണത്തിൽ തുടരണമെങ്കിൽ ഞാൻ നടത്തുന്ന അഴിമതികൾക്കൊന്നും തടയിടരുത് എന്നതാണ് ഇവിടെത്തെ മുന്നണികളുടെ ആധാരം. ഉദാഹരണങ്ങൾ ആയിരക്കണക്കിന്നുണ്ടെങ്കിലും, ഒരെണ്ണം മാത്രം ഇവിടെ ചൂണ്ടിക്കാട്ടാം. ഇന്ത്യക്കും ശ്രീലങ്കക്കും ഇടയിൽ കൂടി ഒരു കപ്പൽചാൽ നിർമ്മിക്കുക എന്നത് ഒരു നൂറ്റാണ്ടിന്റെ പഴക്കമുള്ള നിർദ്ദേശമാണ്. പാരിസ്ഥിതികമായും സാമ്പത്തികമായും അതു വിനാശകരമാണെന്നു കണ്ടതിനാൽ 2004 വരെ എല്ലാ ഗവർമ്മേണ്ടുകളും അതു നിരാകരിക്കുകയാണ് ചെയ്തുവന്നിരുന്നത്. 2004ൽ തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ദ്രാവിഡമുന്നേറ്റ കഴകത്തിന്റെ പിന്തുണയില്ലാതെ ഭരിക്കാനാവില്ലെന്ന് കോൺഗ്രസ്സ് മനസ്സിലാക്കി. ഇതുതന്നെയാണ് ശരിയായ അവസരമെന്നുകണ്ട് ഡി.എം.കെ.യും കടുംപിടുത്തം പിടിച്ചു. അങ്ങനെ കപ്പൽചാൽ നിർമ്മാണത്തിന്നായി ഒരു കമ്പനി രൂപീകരിക്കാനും അതിന്നുവേണ്ടത്ര പണം അനുവദിക്കാനും കേന്ദ്രഗവർമ്മേണ്ട് നിർബ്ബദ്ധമായി. അന്ന് അങ്ങനെ കാര്യം നടന്നുവെങ്കിലും പ്രശ്നം ഇപ്പോൾ കോടതിയിലാണ്.

വ്യക്തികളുടേയോ പാർട്ടികളുടേയോ സ്ഥാർത്ഥതാൽപര്യങ്ങളുടെ അടിസ്ഥാ

# ആദിവാസികളും ദളിതുകളും അടിത്തട്ടിൽ തന്നെ

- ആരതി ധർ -

**ക്ഷേ**മസംബന്ധമായ സൂചികകളിൽ മിക്കതിലും ആദിവാസികളും ദളിതുകളും ഇപ്പോഴും അടിത്തട്ടിൽ തന്നെയാണെന്ന് "ഇന്ത്യയിലെ മാനവിക വികസനം" സംബന്ധിച്ച ഒരു സർവ്വേയിൽ തെളിഞ്ഞു. മുസ്ലീമുകളും "മറ്റു പിന്നോക്ക ജാതികൾ" എന്നിവയിൽ പെട്ടവരും ഇതിന്നു തൊട്ടുമുകളിൽ വരും. മുന്നോക്കക്കാരായ ഹിന്ദുക്കളും മതപരമായ മറ്റു ന്യൂനപക്ഷങ്ങളുമാണ് സമൂഹത്തിന്റെ മേൽത്തട്ടിലുള്ളത്.

കുടുംബവരുമാനം, ദാരിദ്ര്യനിരക്ക് ഭൂഉടമസ്ഥത, കാർഷിക വരുമാനം, ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ സൂചകങ്ങളിലെല്ലാം ഇത് പ്രകടമാണ്. എല്ലാ കാര്യത്തിലും എല്ലാവരും ഒരുപോലെയാണെന്ന് ഇതിന്നർത്ഥമില്ല. ചില സൂചകങ്ങളിൽ ചിലർ കൂടുതൽ പിന്നിലോ മുന്നിലോ ആയെന്നുവരാം. ➡

ആദിവാസികളെ പൊതുവെയെടുത്താൽ ആരോഗ്യ കാര്യത്തിൽ അവരല്പം മുന്നിലാണ്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും പ്രകടമാണ്. അവിടെ ആരോഗ്യ സംരക്ഷണത്തിന്ന് മുൻഗണന ലഭിക്കുന്നുണ്ട്.

അതുപോലെ വിദ്യാഭ്യാസ കാര്യത്തിൽ മുസ്ലീമുകളുടെ സ്ഥിതി ദളിതുകളുടേതിൽനിന്നോ ആദിവാസികളുടേതിൽനിന്നോ മെച്ചപ്പെട്ടതല്ല. എന്നാൽ മുസ്ലീമുകളുടെ സാമ്പത്തിക ക്ഷേമം ദളിതുകളേക്കാൾ മെച്ചപ്പെട്ടതാണ്. ഇക്കാര്യത്തിൽ അവർ ഏറെക്കുറെ "മറ്റു പിന്നോക്ക സമുദായങ്ങളുടെ" നിലവാരത്തിൽ വരും.

ഈ ഗ്രൂപ്പുകളുടെ സ്ഥിതി വ്യത്യാസത്തിൽ കാണുന്ന പ്രധാനപ്പെട്ട രണ്ടു വശങ്ങൾ സർവ്വേ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒന്നാമതായി ഈ അസമത്വത്തിൽ ഏറിയകൂറും ഉപജീവന മാർഗ്ഗത്തിൽ നിന്നുള്ള വ്യത്യാസംമൂലം ഉളവാകുന്നതാണ്. ശമ്പളമുള്ള ജോലിക്കാർക്ക് കൂലിപണിക്കാരേക്കാളും കർഷകരേക്കാളും വരുമാനമുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്നവർ, വിദ്യാഭ്യാസം കുറഞ്ഞവർ എന്നിങ്ങനെ പല കാരണങ്ങളും ഇതിന്നുണ്ട്. എന്നാൽ ഈ വക കാരണങ്ങളുണ്ടെങ്കിലും മുന്നോക്ക ജാതിക്കാരിലും ന്യൂനപക്ഷമത വിഭാഗങ്ങളിലും പെട്ടവരിൽ പത്തിൽ മൂന്നുപേർക്കും ശമ്പളത്തൊഴിലുണ്ട്. എന്നാൽ മുസ്ലീമുകളിൽ പത്തിൽ രണ്ടുപേർക്കെ ശമ്പളത്തൊഴിലുള്ളൂ. മറ്റു പിന്നോക്ക ജാതിക്കാരുടേയും ദളിതുകളുടേയും സ്ഥിതിയും മുസ്ലീമുകളുടേതിന്ന് തുല്യമാണ്. എന്നാൽ ആദിവാസികളുടെ സ്ഥിതി കൂടുതൽ ദയനീയമാണ്.

ദളിതുകൾക്കും ആദിവാസികൾക്കും മറ്റൊരു ദൗർബ്ബല്യവുമുണ്ട്. ഇവർക്ക് ഒന്നുകിൽ ഭൂമിയില്ല; ഭൂമിയുണ്ടെങ്കിൽ തന്നെ ഉല്പാദനക്ഷമത തീരെ കുറഞ്ഞതാണ്. ഈ വരുമാന വ്യത്യാസം മറ്റു മാനവിക വികസന സൂചകങ്ങളിലും പ്രതിഫലിച്ചു കാണാം.

രണ്ടാമതായി ഭാവിതലമുറകളുടെ സ്ഥിതിയും ഇതുതന്നെയാകുമെന്ന് സർവ്വേ റിപ്പോർട്ടിൽ പറയുന്നു. കാരണം വിദ്യാഭ്യാസത്തിലുള്ള വ്യത്യാസം തന്നെ. വളരെ കുറച്ചു പേർക്കേ വിദ്യാഭ്യാസം ലഭിക്കുന്നുള്ളൂവെന്നതല്ല, ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും മോശമാണ്. കോളേജ് പ്രവേശനത്തിലെ സംവരണം തുടങ്ങിയ പല ആനുകൂല്യങ്ങളും നൽകിയിട്ടും സാമൂഹ്യ അസമത്വം പ്രാഥമിക വിദ്യാലയങ്ങളിൽതന്നെ ആരംഭിക്കുന്നു. തൽഫലമായി ഹയർസെക്കൻഡറി തലത്തിലെത്തുമ്പോഴേക്കും സംവരണാദി ആനുകൂല്യങ്ങൾ ലഭിക്കുന്നവർ അപൂർവ്വമാകുന്നു.

വിവിധ സാമൂഹ്യ ഗ്രൂപ്പുകളുടെ ക്ഷേമ കാര്യത്തിലുള്ള വ്യത്യാസം ദീർഘകാലമായി നിലനിൽക്കുന്ന ഒന്നാണ്. എന്നാൽ സമകാലീനമായ വിവിധ കാരണങ്ങളുടെ ഫലമായി ഈ അസമത്വം നിലനിൽക്കുന്നുവെന്നല്ല, പലപ്പോഴും വർധിതവുമാകുന്നു. സമൂഹത്തിന്റെ നാലതിരുകളിൽകിടന്ന് രാപ്പകൽ അധ്വാനിക്കുന്നവരാണ് ദളിതുകൾ; ഈ ദളിതുകളുടെ അധ്വാനത്തെ ആശ്രയിച്ച് നിലനിൽക്കുന്ന ഒന്നാണ് സമൂഹം. എന്നാൽ സമൂഹം ദളിതുകളെ അകറ്റി നിർത്തിയിരിക്കുന്നു. ❑

---

നത്തിൽ രൂപം കൊള്ളുന്ന എല്ലാ രാഷ്ട്രീയ മുന്നണികളും നാടിന്നു വിനാശകരമാണ്. വളരുംതോറും പിളരുന്ന പാർട്ടികൾ ഉണ്ടാകുന്നതും അതുകൊണ്ടുതന്നെയാണ്. കേരള കോൺഗ്രസ്സ് എന്ന രാഷ്ട്രീയകക്ഷി കഴിഞ്ഞ അര നൂറ്റാണ്ടിന്നിടയിൽ പതിനാറു തവണ പിളർന്നതായി ഈയിടെ റിപ്പോർട്ടുണ്ടായിരുന്നു. ഈ പിളർപ്പുകൾക്കെല്ലാം ആധാരമായിരുന്നത് എന്തായിരുന്നുവെന്ന് ആരെങ്കിലും ഗവേഷണം നടത്തേണ്ടതായിരുന്നു. ഇപ്പോൾ സോണിയാഗാന്ധി അധ്യക്ഷയായിരിക്കുന്ന സാക്ഷാൽ കോൺഗ്രസ്സ് 1947ന്നുശേഷം എത്ര തവണ ഏതെല്ലാം തരത്തിൽ പിളർന്നുവെന്ന് ഒരു പഠനം നടത്തുന്നതും കൗതുകജനകമായിരിക്കും.

ഇന്ത്യയിലെ രാഷ്ട്രീയം പോകുന്നത് അത്യന്തം ആപൽക്കരമായ ദിശയിലേക്കാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യമെന്നൊക്കെ പൊങ്ങച്ചം പറയാമെങ്കിലും ജനാധിപത്യം ഇവടെ കുറ്റിയറ്റുകൊണ്ടിരിക്കുകയാണ്. ആർക്കും അതിലൊരു വേവലാതിയുമില്ലതാനും. ഒരു പാർട്ടിയിലും ജനാധിപത്യപരമായ തിരഞ്ഞെടുപ്പില്ല. ഭരണഘടനയിൽ വ്യവസ്ഥാപിതമാക്കപ്പെട്ട സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പാകട്ടെ, രാഷ്ട്രീയാടിസ്ഥാനത്തിലല്ല, പണത്തിന്റേയും കയ്യൂക്കിന്റേയും അടിസ്ഥാനത്തിലാണ്. അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്നവരാകട്ടെ ഭരിക്കാൻവേണ്ടി മുന്നണികൾ ഉണ്ടാക്കുന്നു. ആ ഭരണം സമ്പത്ത് സമാഹരിക്കാനുള്ളതാകുന്നതിൽ അത്ഭുതപ്പെടാനില്ല.

നമുക്കെന്തുകൊണ്ട് ഇതിന്നൊരു പരിഹാരമുമുണ്ടാക്കിക്കൂടാ? വളരുംതോറും പിളരാൻ ഒരു പാർട്ടിയേയും അനുവദിക്കില്ലെന്നും ഭരണത്തിലായാലും മറ്റേത് രംഗത്തായാലും ജനങ്ങളിൽ അമ്പതു ശതമാനത്തിന്റെ പിന്തുണയെങ്കിലും നേടാത്തവർ ഭരിച്ചുകൂടെന്നും തീരുമാനിച്ചാൽ എന്താണ പകടം? ഒരു ഡി.എം.കെ ക്കോ ഒരു കേരള കോൺഗ്രസ്സിന്നോ ഒരു എൻ.സി.പി. ക്കോ ഇന്ത്യാ ഗവർമ്മേണ്ടിനെ ചൂണ്ടുവിരലിലിട്ട് കറക്കാൻ കഴിയാത്ത സ്ഥിതി വരുത്തുന്നതല്ലേ രാജ്യത്തിന്നു ഗുണകരമാകുക? ❑

# ലോകായുക്തക്ക് എതിരായി മാനനഷ്ടക്കേസ്!

**- സുഗത ശ്രീനിവാസരാജു -**

കർണാടക ലോകായുക്തയായ ജ. സന്തോഷ് ഹെഗ്ഡെക്ക് ഇപ്പോൾ സ്വന്തം തടി രക്ഷിക്കാനുള്ള മാർഗ്ഗമാരായാനേ നേരമുള്ളൂ. മിന്നൽ പരിശോധനകൾ നടത്തുക, അഴിമതിക്കാരെ പിടികൂടുക തുടങ്ങിയവയാണ് ലോകായുക്തയുടെ പണി. ഇക്കാര്യത്തിലാകട്ടെ, കർണ്ണാടക ലോകായുക്ത സജീവവുമാണ്. ഉദ്യോഗസ്ഥന്മാർ മോഷ്ടിച്ചു കുന്നുകൂട്ടിയ കോടിക്കണക്കിന്നു രൂപയുടെ സമ്പത്ത് ലോകായുക്ത മിന്നൽ പരിശോധനയിലൂടെ കണ്ടെത്താറുണ്ട്.

പക്ഷെ ഇവിടെയുമുണ്ട് ഒരു കെണി. ലോകായുക്തക്ക് അഴിമതിക്കാരുടെ ചങ്കിൽ പിടിക്കാനേ അധികാരമുള്ളൂ. അതനുസരിച്ച് കോടതിയിൽ കേസ് ചാർജ് ചെയ്യണമെങ്കിൽ സർക്കാരിന്റെ അനുമതി വാങ്ങണമെന്നാണ് നിയമം. ഒരു ഗവർമ്മേണ്ടും ആ അനുമതി നൽകാറില്ല. ഇക്കാര്യത്തിൽ കോൺഗ്രസ്സെന്നോ ബി.ജെ.പി.യെന്നോ ജനതാദളമെന്നോ വ്യത്യാസമൊന്നുമില്ല. കാരണം ലോകായുക്തയുടെ കെണിയിൽ പെടുന്നവരിൽ 99 ശതമാനവും അത്യുന്നതങ്ങളിൽ വിലസുന്ന ഉദ്യോഗസ്ഥന്മാരാണ്.

എന്നാൽ ഇപ്പോൾ ആ ഘട്ടവും കടന്നു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ലോകായുക്തയുടെ പിടിയിൽ പെടുന്നവർ ലോകായുക്തക്കെതിരെ മാനനഷ്ട ക്കേസ് കൊടുക്കുകയാണ് ചെയ്യുന്നത്.

പൊതുഭരണത്തിന്റെ നിലവാരം ഉയർത്തുക, അഴിമതി, സ്വജന പക്ഷപാതം എന്നിവ കണ്ടെത്തുക, ഔദ്യോഗിക അച്ചടക്കരാഹിത്യം തടയുക എന്നിവക്കായി പ്രത്യേക നിയമ നിർമ്മാണത്തിലൂടെ രൂപം കൊണ്ടതാണ് ലോകായുക്ത എന്നതൊക്കെ ശരി. എന്നാലിപ്പോൾ അഴിമതി പിടികൂടുന്നവരെ തിരിച്ചടിക്കുന്ന ഒരു പ്രവണത വ്യാപകമായിട്ടുണ്ട്. അതിന്നവർ പ്രധാനമായും ഉപയോഗിക്കുന്നത് മാനനഷ്ട ക്കേസാണ്. ജ.ഹെഗ്ഡെക്കും അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കുമെതിരെ പല മാനനഷ്ട ക്കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

ലോകായുക്തയുടെ മിന്നൽ പരിശോധനയിൽ കുടുങ്ങിപ്പോയ ഉയർന്നൊരു പോലീസുദ്യോഗസ്ഥൻ ഒരുമാസം മുമ്പ് ലോകായുക്തക്കെതിരെ മാനനഷ്ട ക്കേസ് കൊടുത്തു. അതിന്നു മുമ്പ് ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനും മാനനഷ്ടക്കേസുമായി ലോകായുക്തയെ വിരട്ടി. രണ്ടു ജില്ലാ പരിഷത്തുകളുടെ മേധാവിമാർ മിന്നൽ പരിശോധനയിൽ കുടുങ്ങിപ്പോയിരുന്നു. മിന്നൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരായാണ് ഇവർ മാനനഷ്ടക്കേസ് കൊടുത്തിരിക്കുന്നത്. ബൽഗാമിൽ പട്ടികജാതിക്കാരനായ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ ലോകായുക്തയുടെ കെണിയിൽ പെട്ടു. ഒരു അഡീഷണൽ ഡി.ജി.പി. അടക്കമുള്ള മൂന്നു സീനിയർ പോലീസ് ഉദ്യോഗസ്ഥരാണ് മിന്നൽ പരിശോധന നടത്തിയത്. മൂന്നു പേർക്കെതിരായും "പട്ടികജാതി അതിക്രമ നിരോധന നിയമ"പ്രകാരം കേസെടുത്തിട്ടുണ്ട്! എന്നാൽ ജ. ഹെഗ്ഡെക്ക് മറ്റൊരു കഥയാണ് പറയാനുള്ളത്. അഡീഷനൽ ഡി.ജി.പി. ബൽഗാമിൽ പോയിട്ടേയില്ലെന്ന് ലോകായുക്ത പറയുന്നു. ഈ പട്ടികജാതി ഉദ്യോഗസ്ഥനെ കാണുകപോലും ചെയ്തിട്ടില്ല.

മറ്റൊരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഇതിനേക്കാൾ വലിയ മിടുക്കാണ് കാണിച്ചിരിക്കുന്നത്. ഈ ഉദ്യോഗസ്ഥന്റെ ഓഫീസിലും വീട്ടിലും ലോകായുക്ത മിന്നൽ പരിശോധന നടത്തിയിരുന്നു. മിന്നൽ പരിശോധന നടത്തി കോടതിയിൽ പ്രഥമവിവര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മിന്നൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരെ ഈ തിരുമാലി ക്രിമിനൽ നിയമത്തിലെ 340-ാം വകുപ്പനുസരിച്ചാണ് കേസെടുത്തിരിക്കുന്നത്. കള്ളക്കേസുണ്ടാക്കി ഏഴുകൊല്ലത്തിലധികം കാലത്തേക്ക് തടവുശിക്ഷ സംഘടിപ്പിക്കാൻ ശ്രമിക്കുന്ന പോലീസുകാർക്കെതിരെ പ്രയോഗിക്കാനുള്ളതാണ് ഈ 340-ാം വകുപ്പ്. അതുമാത്രമല്ല പ്രശ്നം. കോടതിയിൽ വിധി പ്രസ്താവിച്ചതിന്നു ശേഷം മാത്രമേ 340-ാം വകുപ്പനുസരിച്ച് കേസെടുക്കാൻ കഴിയൂ. അതുകൊണ്ടുമായില്ല, കേസ് കള്ളക്കേസാണെന്നും പോലീസുദ്യോഗസ്ഥൻ മനപൂർവ്വം കെട്ടിച്ചമച്ചുണ്ടാക്കിയ കേസാണിതെന്നും വിധിയിൽ പറഞ്ഞിട്ടുണ്ടെങ്കിലേ 340-ാം വകുപ്പനുസരിച്ച് കേസെടുക്കാനാവൂ. എന്നാൽ ഇവിടെ കുറ്റപത്രം സമർപ്പിക്കുക പോലും ചെയ്യുന്നതിന്നു മുമ്പാണ് കേസെടുത്തിരിക്കുന്നത്.

ഇവിടത്തെ കേസെന്താണെന്നോ? ഒരു കുട്ടി തോട്ടിൽ വീണ് ഒഴുകിപ്പോയി. ആ കുട്ടിയുടെ കുടുംബത്തിന്ന് മനുഷ്യത്വപരമായ കാരുണ്യത്തിന്റെ അടിസ്ഥാനത്തിൽ സഹായം നൽകേണ്ടതുണ്ടെന്ന് ലോകായുക്ത പറഞ്ഞതിന്നാണ് ഈ പൊല്ലാപ്പു മുഴുവൻ ഉണ്ടാക്കിയിരിക്കുന്നത്.

തനിക്കെതിരെ ഫയൽ ചെയ്തുകൊണ്ടിരിക്കുന്ന മാനനഷ്ടക്കേസൊന്നും തന്നെ പേടിപ്പിക്കുന്നില്ലെന്ന് ജ. ഹെഗ്ഡെ പറഞ്ഞു. എന്നാൽ തന്റെ നിർദ്ദേശപ്രകാരം മിന്നൽ പരിശോധന നടത്തുകയും കേസ് ഫയൽ ചെയ്യുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ കഥ അതല്ല. അവർക്കെതിരെ കേസ് കൊടുത്താൽ, അതവരുടെ കോൺഫിഡൻഷ്യൽ റിക്കാർട്ടിൽ കയറിപ്പറ്റും. അതവരുടെ ഭാവി സേവനത്തെത്തന്നെ ബാധിച്ചേക്കും. ലോകായുക്തയുടെ കീഴിലുള്ള പോലീസുകാരുടെ സ്ഥിതി കഷ്ടമാണ്. ചിലപ്പോൾ അവർക്ക് സ്വന്തം മേധാവിയെത്തന്നെ മിന്നൽ പരിശോധനക്കിരയാക്കേണ്ടിവരും. പല അന്വേഷണോദ്യോഗസ്ഥന്മാർക്കും അകമ്പടി സേവിക്കാൻ ചിലപ്പോൾ തന്റെ സ്വന്തം അംഗരക്ഷകനെത്തന്നെ നിയോഗിക്കേണ്ടി വരാറുണ്ട് എന്ന് ജ. ഹെഗ്ഡെ പറയുന്നു.

ഈ മാനനഷ്ടക്കേസുകൾ ഒരുതരം പിപ്പിടികാട്ടലാണെന്ന് അദ്ദേഹം പറഞ്ഞു. ലോകായുക്തയുടെ പ്രവർത്തനത്തെത്തന്നെ നിഷ്പ്രയോജനമാക്കലാണ് ഇതിന്റെ പിന്നിലുള്ള തന്ത്രം. ലോകായുക്തക്കെതിരെ കേസെടുക്കാമെന്ന ഒരു തോന്നൽ ജനങ്ങൾക്കിടയിൽ വേരുപിടിച്ചുവളർന്നാൽ, പിന്നെ കേസുകളുടെ ഒരു പ്രവാഹം തന്നെയുണ്ടാകും എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സുപ്രീം കോടതി ജഡ്ജിയായിരുന്ന ജ. ഹെഗ്ഡെ 2006 ജൂണിലാണ് ലോകായുക്തയായി സ്ഥാനമേറ്റത്. അഴിമതി നിരോധന നിയമപ്രകാരം 1224 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മിന്നൽ പരിശോധനകളിൽ കണ്ടെത്തിയത് 317 കോടി രൂപയുടെ കണക്കിൽ പെടാത്ത സമ്പാദ്യങ്ങളാണ്. റൊക്കം പണമായി അഴിമതിക്കാരിൽനിന്ന് പിടിച്ചെടുത്ത തുകകൾ ഇതിന്റെ പലമടങ്ങു വരും.

കർണാടകത്തിൽ നടന്നുവരുന്ന നിയമവിരുദ്ധമായ ഖനനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പുറത്തുകൊണ്ടുവന്നത് ജ. ഹെഗ്ഡെയാണ്. തന്റെ സൽപേരിനെക്കുറിച്ചൊന്നും തനിക്ക് വേവലാതിയില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്നെപ്പറ്റി എന്റെ നാട്ടുകാർക്കറിയാം. ഞാൻ സ്ഥാനമേറ്റ അന്നുതന്നെ എന്റെ സ്വത്തുവിവരം പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിട്ടും എനിക്ക് ചീത്തപ്പേരുണ്ടാക്കാൻ ചിലർ ശ്രമിക്കുന്നുവെങ്കിൽ, നല്ലത്, അവർക്ക് സ്വാഗതം എന്ന് ജ. ഹെഗ്ഡെ പറഞ്ഞു. ❑

# ദണ്ഡകാരണ്യത്തിൽ സംഭവിച്ചതെന്താണ്?

**ക**ഴിഞ്ഞ ഏപ്രിൽ ആറാം തിയ്യതി പുലർച്ചെ 5.45ന് സി.ആർ.പി.എഫ്. ന്റെ 62–ാം ബറ്റാലിയനിൽപെട്ട ആൽഫ കമ്പനിയെ ചിന്തൽനാർ എന്ന സ്ഥലത്തുവച്ച് മാവോയിസ്റ്റുകൾ ആക്രമിച്ചു. സി.ആർ.പി. യിലെ 76 ജവാന്മാർ കൊല്ലപ്പെട്ടു. ഇത് സംബന്ധിച്ച് ഒരുപാട് വാർത്തകൾ പുറത്തുവന്നിരുന്നുവെങ്കിലും അവിടെ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചറിയാൻ അധികം പേരൊന്നും മെനക്കെട്ടിട്ടില്ല. സർക്കാർ ഏജൻസികൾ നൽകുന്ന വിവരങ്ങൾ വാർത്തകളായി പ്രചരിക്കുകയാണുണ്ടായത്. ഗാഢമായ അന്വേഷണം നടത്താൻ മുതിർന്ന അല്പം ചില പത്രപ്രവർത്തകർക്കേ സത്യം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

മാവോയിസ്റ്റുകൾക്കെതിരെ ഒരു "ഓപ്പറേഷൻ" നടത്തിയശേഷം മടങ്ങുന്ന സി.ആർ.പി.ക്കാരെ മാവോയിസ്റ്റുകൾ ആക്രമിച്ചു കൊന്നുവെന്നാണ് പൊതുവെ ധരിക്കപ്പെടുന്നത്. എന്നാൽ അത്തരത്തിലൊരു ഓപ്പറേഷനും നടന്നിട്ടില്ല എന്നതാണ് വസ്തുത. രഹസ്യാന്വേഷണ വിഭാഗം നൽകുന്ന സൂചനയനുസരിച്ച് ഏതെങ്കിലുമൊരു ലക്ഷ്യത്തെ മുൻനിർത്തി നടത്തുന്ന നടപടിക്കാണ് ഓപ്പറേഷൻ എന്നു പറയുക. ഇവിടെ അതൊന്നുമുണ്ടായിട്ടില്ല. മാവോയിസ്റ്റുകളെ ഒന്നു ഭയപ്പെടുത്തി അകറ്റി നിർത്തണമെന്നതായിരുന്നു സി.ആർ.പി. ക്കാരുടെ വനയാത്രയുടെ ഉദ്ദേശമെന്നു വേണം അനുമാനിക്കാൻ.

ഛത്തീസ്ഗഡിന്റെ തെക്കെ അറ്റത്ത് ഒറീസാ അതിർത്തിയോട് ചേർന്നു കിടക്കുന്ന ദന്തവദെ ജില്ല മാവോയിസ്റ്റുകളുടെ ദൃഷ്ടിയിൽ ദണ്ഡകാരണ്യമാണ്. മാവോയിസ്റ്റുകൾ അതിന്റെ ആസ്ഥാനമായി കരുതുന്നതാകട്ടെ ചിന്തൽനാറുമാണ്. ആ ചിന്തൽനാറിലാണ് സി.ആർ.പി. ക്കാർ ആസ്ഥാനമുറപ്പിച്ചിരുന്നത്.

ഇടതൂർന്ന വനമായ ദന്തവദയെക്കുറിച്ച് സി.ആർ.പി. ക്കാർക്ക് ഒന്നും അറിയില്ല; മാവോയിസ്റ്റുകൾക്കാകട്ടെ, ഉള്ളംകയ്യിലെ നെല്ലിക്കപോലെ അതിന്റെ മുക്കും മൂലയും പരിചിതവുമാണ്. നൂറോളം പേരടങ്ങുന്ന സി.ആർ.പി. ക്കാർ കാട്ടിൽ ആധിപത്യമുറപ്പിക്കാനായി വനയാത്രക്കിറങ്ങിയപ്പോൾ മാവോയിസ്റ്റുകൾ സുരക്ഷിത താവളങ്ങളിൽ ഒളിച്ചിരുന്നുവെന്ന് അനുമാനിക്കണം. കാരണം സി.ആർ.പി. ക്കാർക്ക് ഒരിക്കലും വെടിവെക്കേണ്ടി വന്നിട്ടില്ല. ദുർഗ്ഗമമായ കാടുകൾ കയറിയിറങ്ങി തളർന്നവശരായി ചിന്തൽനാറിലേക്ക് മടങ്ങുമ്പോൾ, മാവോയിസ്റ്റുകൾ അവരറിയാതെ അവരെ പിൻതുടർന്നിരുന്നു. ചിന്തൽനാറിൽനിന്ന് ആറുകിലോമീറ്റർ ദൂരംവരെ എത്തിയപ്പോൾ കണ്ട തുറസ്സായ സ്ഥലത്ത് സി.ആർ.പി. ക്കാർ വിശ്രമിക്കാനിരുന്നു. ക്ഷീണിച്ചവശരായിരുന്നവർ പെട്ടെന്ന് ഉറങ്ങിപ്പോയത് സ്വാഭാവികം. അടച്ചുറപ്പുള്ള പോലീസ് സ്റ്റേഷനിൽപോലും കാവൽക്കാർ വേണമെന്ന് നിയമമുണ്ടെങ്കിലും തുറസ്സായസ്ഥലത്ത് വിശ്രമിക്കാനിരുന്ന സി.ആർ.പി.ക്കാർക്ക് കാവൽക്കാരൊന്നുമുണ്ടായിരുന്നില്ല. എങ്കിലും ഒരു സി.ആർ.പി. ക്കാരൻ ഒരു മാവോയിസ്റ്റിനെ കണ്ടെത്തുകയും അയാളുടെ നേരെ വെടിവക്കുകയും ചെയ്തു. അതൊരു തുടക്കമായിരുന്നു.

സി.ആർ.പി.ക്കാരെ രഹസ്യമായി പിൻതുടർന്നിരുന്ന മുന്നോറോളം മാവോയിസ്റ്റുകൾ അതിന്നകം വളരെ അടുത്തുവരെ നുഴഞ്ഞുകയറിയിരുന്നു. ➡

സി.ആർ.പി.ക്കാരൻ വെടിവച്ചതോടെ മാവോയിസ്റ്റുകൾ സി.ആർ.പി.ക്കാരെ വളഞ്ഞിട്ടാക്രമിച്ചു. സി.ആർ.പി. ക്കാർക്ക് ഒരു രക്ഷാമാർഗ്ഗം പോലുമുണ്ടായിരുന്നില്ല. ചിലർ ചത്തതുപോലെ കിടന്നതുകൊണ്ടുമാത്രം അപൂർവ്വം ചിലർ രക്ഷപ്പെട്ടു. ഇതിൽ ചിലർ നൽകിയ സന്ദേശമനുസരിച്ചാണ് ഒരു ട്രക്ക് നിറച്ച് രക്ഷാഭടന്മാർ എത്തിയത്. പക്ഷെ കുഴിബോംബ് പൊട്ടിത്തെറിച്ചതിനാൽ വാഹനവും അതിലുണ്ടായിരുന്നവരും പാടെ തുടച്ചുമാറ്റപ്പെട്ടു.

സി.ആർ.പി.യിൽപ്പെട്ട 75 പേരും അവർക്ക് വഴികാട്ടിയായിവന്ന ഛത്തീസ്ഗഡിലെ ഒരു ഹെഡ്കോൺസ്റ്റബിളും കൂട്ടത്തോടെ കൊല്ലപ്പെട്ടപ്പോൾ മാവോയിസ്റ്റുകളിൽ എട്ടുപേരാണ് കൊല്ലപ്പെട്ടത്.

മാവോയിസ്റ്റുകളുടെ എണ്ണപ്പെരുപ്പത്തെക്കുറിച്ചും ആയുധശക്തിയെക്കുറിച്ചും മറ്റും പറഞ്ഞുപരത്തുന്ന കഥകൾ വെറും കെട്ടുകഥകളാണെന്ന് ഈ സംഘട്ടനം ആസൂത്രണം ചെയ്തു നടപ്പാക്കിയ മാവോയിസ്റ്റ് നേതാവായ രാമണ്ണ പറഞ്ഞു. രാമണ്ണയുടെ യഥാർത്ഥപേര് റാവുല ശ്രീനിവാസ് എന്നാണ്. ഇദ്ദേഹം തെക്കൻ ബസ്താർ മാവോയിസ്റ്റ് മേഖലാ കമ്മിറ്റിയുടെ സെക്രട്ടറിയാണ്.

കൊല്ലപ്പെട്ട സി.ആർ.പി.ക്കാരുടെ കൈവശമുണ്ടായിരുന്ന ചെറിയ യന്ത്രത്തോക്കുകൾ മുതൽ സാധാരണ കൈത്തോക്കുവരെയുള്ള എല്ലാ ആയുധങ്ങളും മാവോയിസ്റ്റുകൾ പിടിച്ചെടുത്തിട്ടുണ്ട്.

❑

# ഛത്തീസ് ഗഡിൽ ഗോത്ര വർഗ്ഗക്കാർ അപ്രത്യക്ഷരാകുന്നു

- ദേവർഷി ദാസ് ഗുപ്ത -

**ഒ**രുപക്ഷെ കയ്യബദ്ധം പറ്റിയതാകാം. ഏതായാലും അത് ഛത്തീസ്ഗഡിലാകെ ബഹളത്തിന്നിടയാക്കിയിരിക്കുന്നു. ജാഷ്പൂർ ജില്ല ഒരു ഗോത്രവർഗ്ഗ മേഖലയാണ്. ജനങ്ങളിൽ മിക്കവരും ഗോത്രവർഗ്ഗക്കാരാണ്. എന്നാൽ ഇപ്പോൾ അവിടെ ഗോത്രവർഗ്ഗക്കാർ ഒരു ന്യൂനപക്ഷമായി തീർന്നിരിക്കുന്നു. ഗോത്രവർഗ്ഗക്കാരുടെ ലിസ്റ്റും പട്ടികജാതിക്കാരുടെ ലിസ്റ്റും പരസ്പരം മാറിപ്പോയതാണെന്നു തോന്നുന്നു.

2001ലെ കാനേഷുമാരി കണക്കനുസരിച്ച് ജില്ലയിലെ ജനങ്ങളിൽ 63.24 ശതമാനവും ഗോത്രവർഗ്ഗക്കാരായിരുന്നു; പട്ടികജാതിക്കാർ വെറും 4.9 ശതമാനമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ സ്ഥിതി നേരെ മറിച്ചായി. ജില്ലയിലെ മുന്നോറോളം ഗ്രാമങ്ങളിൽ ഒരൊറ്റ ഗോത്രവർഗ്ഗക്കാരൻ പോലുമില്ലെന്നാണ് സർക്കാർ ഇപ്പോൾ പറയുന്നത്. ജനങ്ങൾ ബഹളം കൂട്ടിയപ്പോൾ, ഇതൊരു കയ്യബദ്ധമാണെന്നും തെറ്റൊക്കെ തിരുത്തിയിട്ടുണ്ടെന്നും ജില്ലാ അധികൃതർ പറയുന്നു. പക്ഷെ നാട്ടുകാർ ഇതൊന്നും വിശ്വസിക്കുന്നില്ല.

സ്വകാര്യമേഖലാ കമ്പനികൾക്കായി ഭൂമി അക്വയർ ചെയ്യാൻ നടത്തിയ ഒരു തട്ടിപ്പാണിതെന്ന് മിക്കവരും കരുതുന്നു. കാരണമുണ്ട്. ഗോത്രവർഗ്ഗ പ്രദേശത്തുനിന്ന് ഗ്രാമസഭയുടെ പൂർണ്ണ സമ്മതം കൂടാതെ ഒരു സെന്റു ഭൂമിപോലും അക്വയർ ചെയ്യാനാവില്ല. എന്നാൽ ഇവരെ പട്ടികജാതിക്കാരാക്കിയാൽ

അവരെ ആട്ടി പുറത്താക്കി ഭൂമി അക്വയർ ചെയ്യാം. ഗോത്രവർഗ്ഗക്കാരുടെ ഭൂമി കേന്ദ്ര ഗവർമ്മേണ്ടിന്നു പോലും ഏറ്റെടുക്കാനാവില്ല. ഇനി അക്വയർ ചെയ്യണമെങ്കിൽതന്നെ ഒരുപാട് കടമ്പകൾ കടക്കുകയും വേണം. ജാഷ്പൂർ ജില്ലാ കലക്ടർ എസ്. കെ. ജയസ്വാളിനോട് ചോദിച്ചപ്പോൾ ഇതിന്റെ പിന്നിൽ ദുരുദ്ദേശമൊന്നുമില്ലെന്നാണ് പറഞ്ഞത്.

പട്ടികവർഗ്ഗക്കാർക്കായുള്ള നാഷനൽ കമ്മീഷന്റെ വൈസ് ചെയർമാനായ മൗറീസ് കുജൂർ ഏപ്രിലിൽ ജാഷ്പൂർ സന്ദർശിക്കുകയുണ്ടായി. നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഒരന്വേഷണത്തിന്ന് കൽപ്പന നൽകിയിട്ടുണ്ട്. സംസ്ഥാന ഗവർമ്മേണ്ടിനോടും സെൻസസ് ഓഫീസറോടും വിശദീകരണം ആവശ്യപ്പെട്ടിട്ടുമുണ്ട്. തെറ്റായ ഈ കണക്കുകൾ ഔദ്യോഗിക രേഖകളിൽ കയറിപ്പറ്റിയിട്ട് കാലമെത്രയായെന്നും, അതിന്റെ ഭവിഷ്യത്ത് എന്തെല്ലാമാണെന്നും അന്വേഷിക്കുന്നുണ്ട്. ഈയിടെ ലോകസഭ-നിയമസഭാ നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനം നടന്നിട്ടുണ്ട്. അതിന്നുപയോഗിച്ചത് ഈ തെറ്റായ കണക്കുകളാണെന്നു വരാം.

തെറ്റായ കണക്കുപയോഗിച്ചിട്ടുണ്ടെങ്കിൽ സംവരണ സീറ്റുകളിൽ പലതും സംവരണത്തിന്നു പുറത്താകും. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ, ആകെ പുലിവാലാകും.

ജാഷ്പൂർ ജില്ലയിലെ ഒരു ബ്ലോക്കാണ് കൂൻകൂരി. ഈയിടെ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഇതിനെ ഒരു നഗരപഞ്ചായത്താക്കി. അതോടെ ചെയർമാൻ സ്ഥാനം സംവരണ സ്ഥാനമല്ലാതായി. മുരാരി അഗർവാൾ എന്നൊരാളാണ് ഇവിടെ ജയിച്ചത്. ഇതിപ്പോൾ വലിയ വിവാദ വിഷയമായിരിക്കയാണ്. ജനങ്ങളിൽ ഭൂരിപക്ഷവും ഗോത്രവർഗ്ഗക്കാരായിരിക്കെ ഇതെങ്ങനെ ജനറൽ സീറ്റായി? കലക്ടർ ജയസ്വാൾ പ്രതികരിക്കാൻ വിസമ്മതിച്ചു. താൻ കലക്ടറാകുന്നതിന്നുമുമ്പു നടന്ന കാര്യമാണിതെന്ന് പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറുന്നു.

കൂൻകൂറിയിലെ ഒരു അഭിഭാഷകനായ സ്യോതിപന്ന ഇതൊന്നും വിശ്വസിക്കുന്നില്ല. ഈ കള്ളക്കണക്കും വച്ച് ഗോത്രവർഗ്ഗക്കാരുടെ സംവരണ സീറ്റുകളിൽ പലതും മറ്റുള്ളവർ തട്ടിയെടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. ഛത്തീസ്ഗഡ് നിയമസഭയിൽ സംവരണ സീറ്റ് കുറഞ്ഞുവരുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. രണ്ടാം നിയമസഭയിൽ (2003-2008) ആകെയുള്ള 91 സീറ്റിൽ 33 സീറ്റും സംവരണ സീറ്റായിരുന്നു. ഈയിടെ നിയോജക മണ്ഡല പുനർവിഭജനം കഴിഞ്ഞപ്പോൾ സംവരണ സീറ്റ് 29 ആയി കുറഞ്ഞു. ജാഷ്പൂർ ജില്ലയിൽ മുമ്പ് നാലു നിയമസഭാ സീറ്റുണ്ടായിരുന്നത് ഇപ്പോൾ മൂന്നായി കുറഞ്ഞതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഗോത്രവർഗ്ഗക്കാരുടെ ഭൂമിയും മറ്റു പ്രകൃതി വിഭവങ്ങളും തട്ടിയെടുക്കാനുള്ള വിദ്യയുടെ ഭാഗമാണിത്. ജിൻഡൽ കമ്പനി ജാഷ്പൂരിൽ വ്യവസായശാല സ്ഥാപിക്കാൻ 3000 ചതുരശ്ര കിലോമീറ്റർ ഭൂമിയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ബിലാസ്പൂർ ഹൈക്കോടതിയിലെ ഒരു അഭിഭാഷകനായ സുധ ഭരദ്വജ് പറയുന്നത് ഛത്തീസ്ഗഡിൽ ആരും നിയമമൊന്നും നോക്കാറില്ലെന്നാണ്. ഗോത്രവർഗ്ഗക്കാരുടെ ഭൂമി വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ ഗ്രാമസഭയുടെ അനുമതി വാങ്ങിയിരിക്കണമെന്നാണ് നിയമം. പക്ഷെ ആരും ➡



അതിനൊന്നും മെനക്കടാറില്ലെന്ന് സുധ പറഞ്ഞു. ഗോത്രവർഗ്ഗക്കാർക്കുവേണ്ടി അനേകം കേസ് നടത്തിയിട്ടുള്ള ആളാണ് സുധ.

ഭൂപ്രശ്നം ഗോത്രവർഗ്ഗക്കാരുടെ ഗ്രാമസഭ സമ്മേളിച്ച് ചർച്ച ചെയ്ത് തീരുമാനിക്കണമെന്നൊക്കെ ഭരണഘടനയിൽ എഴുതിവച്ചിട്ടുണ്ട്. പക്ഷെ സംസ്ഥാന ഗവർമ്മേണ്ട്തന്നെ ഈ വ്യവസ്ഥ ലംഘിക്കുന്നു. ചില കമ്പനികൾ ഗ്രാമസഭകളുടെ സമ്മതപത്രം വ്യാജമായി നിർമ്മിച്ച് ഭൂമി തട്ടിയെടുത്തിട്ടുണ്ട് എന്ന് അവർ പറഞ്ഞു.

ഇപ്പോൾ ആരംഭിച്ചിരിക്കുന്ന കനേഷുമാരി കണക്കെടുപ്പിലും ആളുകൾക്ക് വലിയ പ്രതീക്ഷയൊന്നുമില്ല. ശരിയായി കണക്കെടുത്താലേ ഫലമുള്ളൂ. കണക്കെടുക്കാൻ നിയോഗിക്കപ്പെട്ടവരിലധികവും ഗോത്രവർഗ്ഗക്കാരല്ലാത്തവരാണ്. അവർ എന്ത് എഴുതി പിടിപ്പിക്കുമെന്ന് ആർക്കറിയാം.

ഛത്തീസ്ഗഡിൽനിന്നുള്ള ഒരു ബി.ജെ.പി. രാജ്യസഭാംഗമാണ് നന്ദകുമാർ സായ്. വളരെ പ്രസക്തമായ ഒരു ചോദ്യം അദ്ദേഹം ഉന്നയിക്കുന്നു. പത്തുകൊല്ലംകൊണ്ട് മൊത്തം ജനസംഖ്യ 31 ശതമാനംകണ്ട് വർധിക്കുമ്പോൾ പട്ടികവർഗ്ഗക്കാരുടേത് ഒമ്പതു ശതമാനം മാത്രമായിരിക്കുന്നത് എന്തുകൊണ്ടാണ്? 2011ലെ കണക്കെടുപ്പിന് തയ്യാറെടുക്കുന്നവർ സമാധാനം പറയേണ്ടൊരു കാര്യമാണിത്. ❑

# ചെകുത്താന്നും കടലിന്നും ഇടയിൽപെട്ട ഒരു ജനത

**- ദോല മിത്ര -**

ഓപ്പറേഷൻ ഗ്രീൻ ഹണ്ടിന്റേതായ ഈ കാലഘട്ടത്തിൽ ലാൽഗഡ്പോലെ മാവോയിസ്റ്റ് ശല്യമുള്ള മേഖലകളിൽ ജീവിക്കേണ്ട ദുർവിധിയുണ്ടാകുന്നവരെ കൂട്ടത്തോടെ മാവോയിസ്റ്റായി മുദ്രയടിച്ചുവെന്നുവരും. പോലീസ് മർദ്ദനമായിരിക്കും അതിന്റെ അനന്തരഫലം. ജനങ്ങളെ എവിടെവച്ചും തടഞ്ഞുനിർത്തി പരിശോധിക്കാം. വനവിഭവ ശേഖരണത്തിന്നായി അമ്പും വില്ലും മഴുവും മറ്റും അവർ കയ്യിൽ സൂക്ഷിച്ചിട്ടുണ്ടാകും. മാരകായുധങ്ങളോടെ മാവോയിസ്റ്റുകളെ കണ്ടെത്തി എന്നായിരിക്കും പിന്നെയുള്ള വാർത്ത. പിന്നെ നടക്കുന്നത് അറസ്റ്റ്, ലോക്കപ്പ് മർദ്ദനം. മൂന്നാംമുറ പ്രയോഗം എന്നിവയായിരിക്കും.

“മാവോയിസ്റ്റുകളുടെ തലയിൽ കൊമ്പുണ്ടായിരുന്നുവെങ്കിൽ, കാര്യം എളുപ്പമാകുമായിരുന്നു. നിർഭാഗ്യവശാൽ അതില്ല. അതിനാൽ സംശയിക്കപ്പെടുന്നവരെ തടഞ്ഞുനിർത്തി പരിശോധിക്കുകയേ പോവഴിയുള്ളൂ” എന്നാണ് പോലീസ് മേധാവി ഇതിനെപ്പറ്റി പറയുന്നത്.

ഗ്രാമീണർ പേടിച്ചരണ്ടാണ് കഴിഞ്ഞുകൂടുന്നത്. എവിടെയെങ്കിലും ഒരു സ്ഫോടനമുണ്ടായാൽ ജനങ്ങൾ കൂട്ടത്തോടെ കാട്ടിലേക്കോടും. കാടു മത്രമാണ് അവർക്കൊരാശ്രയം.

കഴിഞ്ഞ ഡിസംബറിൽ പിരാകിട എന്ന സ്ഥലത്തുവച്ച് മാവോയിസ്റ്റുകൾ ഒരു പോലീസ് വാഹനത്തെ തകർത്തു. പൊട്ടിത്തെറിയുണ്ടായതി

ന്നടുത്താണ് സുനിൽ മഹതോവിന്റെ വീട്. പൊട്ടിത്തെറിയുടെ പിന്നാലെ പോലീസ് വരുമെന്നറിയാവുന്നതിനാൽ സുനിൽ കാട്ടിൽ കയറി രക്ഷപ്പെട്ടു. സ്ഫോടനത്തിനുത്തരവാദി സുനിൽ ആണെന്നതിന്റെ തെളിവായിട്ടാണ് പോലീസ് ഇതിനെ കണ്ടത്. ചെകുത്താനും കടലിനും ഇടയിൽപ്പെട്ട ഒരു അവസ്ഥാവിശേഷമാണിത്. ജനങ്ങൾക്ക് പോലീസിൽനിന്നെന്നപോലെ മാവോയിസ്റ്റുകളിൽനിന്നും ദണ്ഡനമേൽക്കേണ്ടിവരും. ഇരുകൂട്ടരും ജനങ്ങളുടെ നിയന്ത്രണത്തിലല്ലതാനും; എന്നാൽ ഇരുകൂട്ടരുടേയും അക്രമങ്ങൾക്ക് ജനങ്ങൾ ഇരയാകേണ്ടിവരികയും ചെയ്യും. ഈ ഭീകര സ്ഥിതിവിശേഷം പറഞ്ഞറിയിക്കാനാവില്ല. ചില ഉദാഹരണങ്ങൾ പറയാം.

സുനിൽ മഹതോ മിഡ്നാപ്പൂർ ജയിലിൽകിടപ്പുണ്ട്. "ഞങ്ങൾക്കാരും സഹായത്തിനില്ല; നിങ്ങൾക്ക് വല്ലതും ചെയ്യാനാകുമോ എന്ന് അയാൾ ജയിലറക്കുള്ളിൽ കിടന്നുകൊണ്ട് ചോദിക്കുന്നു. സ്ഫോടനത്തിന്റെ ശബ്ദം കേട്ടപ്പോൾ സുനിൽ കാട്ടിൽ കയറിയതായിരുന്നു. പോലീസാകട്ടെ, സുനിലിന്റെ ഭാര്യ ദീപാലിയേയും നാല് കൊച്ചു കുട്ടികളേയും പിടികൂടി കൊണ്ടുപോയി. ആ വിവരം അറിഞ്ഞപ്പോൾ സുനിൽ കാട്ടിൽനിന്നിറങ്ങിവന്ന് കുടിലിന്നു മുന്നിലെ കട്ടിലിൽ കയറി കിടന്നു–പോലീസിന്റെ വരവും കാത്ത്!

സുനിലിനെ പിടികൂടിയ സാൽബോനി പോലീസ് അയാൾക്കെതിരെ ഏഴുകുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്. സർക്കാരിന്നെതിരെ ഗൂഢാലോചന നടത്തിയെന്നും ആയുധം കൈവശം വച്ചുവെന്നും സ്ഫോടക വസ്തുക്കൾ സൂക്ഷിച്ചുവെന്നും മറ്റും അതിൽ കുറ്റപ്പെടുത്തുന്നുണ്ട്. ഏതായാലും സുനിലിന്റെ ഭാര്യയെ പോലീസ് വിട്ടയച്ചു. ദീപാലിയോടൊപ്പം നാലുകുട്ടികളേയും ജയിലിലാക്കിയിരുന്നു. മൂത്ത കുട്ടിക്ക് എട്ടുവയസ്സും ഏറ്റവും ഇളയതിന്ന് ഏതാണ്ട് ഒരുവയസ്സും പ്രായം കാണും. വാസ്തവത്തിൽ ദീപാലിയേയും കുട്ടികളേയും പിടികൂടിയത് സുനിലിനെ പിടികൂടാൻ വേണ്ടിയായിരുന്നു.

മാവോയിസ്റ്റുകളുമായി തങ്ങൾക്കൊരു ബന്ധവുമില്ലെന്ന് ദീപാലി ആണയിട്ടു പറയുന്നു. ഈ നാലുകുട്ടികളേയും വച്ച് മാവോയിസ്റ്റാകാൻ തനിക്ക് ഭ്രാന്തുണ്ടോ എന്ന് അവർ ചോദിക്കുന്നു. ഇതേ ഗ്രാമത്തിലെ മറ്റൊരു സ്ത്രീയാണ് നമിത. ഇവരുടെ ഭർത്താവായ സച്ചിൻ ജയിലിലാണ്. വെറുതെ മാവോയിസ്റ്റെന്ന് മുദ്രയടിച്ചാണ് സച്ചിനെ ജയിലിലടച്ചതെന്ന് നമിത പറയുന്നു. തന്റെ ഭർത്താവ് ഒരു രോഗിയാണെന്നും അദ്ദേഹത്തെ വളരെ ശ്രദ്ധാപൂർവ്വമാണ് തങ്ങൾ പരിചരിച്ചുവന്നിരുന്നതെന്നും നമിത പറഞ്ഞു. പോലീസ് വന്നവഴിക്ക് സച്ചിന്റെ മുടിയിൽ കയറി പിടിച്ചു. താൻ കരഞ്ഞു പറഞ്ഞിട്ടും പോലീസ് അദ്ദേഹത്തെ വലിച്ചിഴച്ച് കൊണ്ടുപോയെന്ന് നമിത പറയുന്നു. തങ്ങളുടെ ഒരേയൊരു കുറ്റം തങ്ങൾ മലഞ്ചെരുവിലാണ് താമസിക്കുന്നത് എന്നതാണ്. പോലീസുകാർ തന്നെ തലകീഴായി കെട്ടിതൂക്കി പൊതിരെ തല്ലിയെന്നും, താനൊരു മാവോയിസ്റ്റാണെന്നു സമ്മതിക്കുന്നതുവരെ അതു തുടർന്നുവെന്നും സച്ചിൻ പറയുന്നു. മാവോയിസ്റ്റ് നേതാവായ കിഷൻ ജി എവിടെയെന്നു ചോദിച്ചായിരുന്നു മർദ്ദനം. തന്റെ ചായക്കടയിൽ പലരും വന്ന് ചായകുടിക്കാറുണ്ട്. അവരിൽ ചിലർ മാവോയിസ്റ്റുകളാകാം; തനിക്കവരെ തടയാൻ പറ്റുമോ എന്ന് സച്ചിൻ ചോദിക്കുന്നു. ആർക്കെങ്കിലും ചായ കൊടുക്കാതിരുന്നാൽ താനൊരു പോലീസ് ഏജന്റാണെന്നു പറഞ്ഞ് മാവോയിസ്റ്റുകാർ തന്റെ കഥ കഴിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇത്തരം പ്രദേശങ്ങളിൽ ജനങ്ങൾ പോലീസിന്റേയും മാവോയിസ്റ്റുകളുടേയും വേട്ടക്കിരയാകുന്നു എന്നതാണ് യാഥാർത്ഥ്യം. സുനിലിനെ അറസ്റ്റ് ചെയ്ത് അധികം കഴിയുംമുമ്പ്, സുനിലിന്റെ ബന്ധുവായ വിനോദിനെ മാവോയിസ്റ്റുകൾ പിടിച്ചുകൊണ്ടുപാകുകയും കാട്ടിലിട്ട് വെടിവച്ചു കൊല്ലുകയും ചെയ്തു. എന്താണുണ്ടായതെന്ന് തനിക്കറിയില്ലെന്ന് സുനിൽ പറയുന്നു. ഒരുപക്ഷെ വിനോദിനോട് മാവോയിസ്റ്റ് അണിയിൽ ചേരാൻ ആവശ്യപ്പെടുകയും വിനോദ് അതിന്നു വിസമ്മതിക്കുകയും ചെയ്തിരിക്കാമെന്ന് സുനിൽ പറയുന്നു.

സർക്കാർ നടപടികളെ സംബന്ധിച്ചിടത്തോളം എല്ലാം വെറും വേഷമാണ്. പോലീസ് ചാർജ് ചെയ്ത കേസുകളിൽ ഒരെണ്ണത്തിൽപോലും ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. എല്ലാ കേസും "സംശയ"ത്തിന്റെ അടിസ്ഥാനത്തിൽ ചാർജ് ചെയ്യപ്പെട്ടവയാണ്. ഇത് നോക്കൂ: മാവോയിസ്റ്റാണെന്ന സംശയത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട 141 പേർ പശ്ചിമ മിഡ്നാപൂർ ജില്ലയിൽ മാത്രം തടങ്ങലിൽ കിടക്കുന്നുണ്ട്.

പോലീസ് ഇതിനെ മറ്റൊരു വിധത്തിലാണ് കാണുന്നത്. മാവോയിസ്റ്റുകൾ പലതരമുണ്ട്. തീവ്രവാദികളായ മാവോയിസ്റ്റുകളെ പിടികൂടുക എളുപ്പമല്ല. ഇവർ കാട്ടിലാണ് കഴിയുന്നത്. രാത്രി മാത്രമേ ഇവർ പുറത്തുവരൂ. എന്നാൽ മലയോര പ്രദേശങ്ങളിൽ ജീവക്കുന്ന ഗോത്രവർഗ്ഗക്കാരും മറ്റുമാണ് ഇവർക്കാവശ്യമായ ഭക്ഷണവും മറ്റും സംഭരിച്ചു കൊടുക്കുന്നത്. പോലീസിന്റെ പിടിയിൽ പെടുന്നവരിലധികവും ഇത്തരക്കാരാണെന്ന് പോലീസ് പറയുന്നു.

ഒരു ഉദാഹരണം. ബേൽപഹാരി പ്രദേശത്തെ ഒരു ദരിദ്ര കുടുംബാംഗമാണ് പാറോ. വിവാഹാനന്തരം അവർ ലാൽഗഡിന്നടുത്തുള്ള ഭർതൃഗൃഹത്തിൽ താമസമാക്കി. രാത്രിയിൽ പലപ്പോഴും ആളുകൾ വീട്ടിൽ വരുന്നതും ഭർത്താവുമായി കൂടിയാലോചന നടത്തുന്നതും അവൾ കാണാറുണ്ട്. ചിലപ്പോൾ അതിഥികൾക്ക് ഭക്ഷണം കൊടുക്കേണ്ടിവരാറുണ്ട്. അവളൊന്നും ചോദിക്കാറില്ല. എന്തെല്ലാമാണ് ചർച്ചയെന്നും അറിയില്ല. പോലീസ് അടുത്തെങ്ങാനും എത്തിയാൽ അവളുടെ ഭർത്താവ് കാട്ടിൽ കയറി ഒളിക്കും. ഒരു ദിവസം പോലീസ് വീട്ടിൽ പരിശോധന നടത്തി. ഭർത്താവിനെ പിടിച്ചുകൊണ്ടുവരാൻ പാറോവിനോട് ആവശ്യപ്പെട്ടു. അവൾ ഓടി രക്ഷപ്പെടാൻ നോക്കിയപ്പോൾ പോലീസ് കാലുതല്ലിയൊടിച്ചു. കുറെകാലം ജയിൽ ആസ്പത്രിയിൽ ചികിത്സിച്ച ശേഷം അവളെ ജയിലിലേക്ക് മാറ്റി.

ലാൽഗഡിൽ ഇത്തരം ദയനീയ കഥകൾക്ക് ക്ഷാമമൊന്നുമില്ല. കാടിനോട് ചേർന്ന ഗ്രാമങ്ങളിൽ ജീവിക്കുന്നവർക്ക് ഇത്തരം കഥകൾ ഏറെ പറയാനുണ്ട്. ❏

# വിവരാവകാശ നിയമം ഭരണത്തെ സുതാര്യമാക്കും

*(ജനനീതി മേയ് 10ന് സാഹിത്യ അക്കാദമി ഹാളിൽ സംഘടിപ്പിച്ച സെമിനാറിൽ മാഗ്സേസെ അവാർഡ് ജേതാവുകൂടിയായ അരുണ റോയ് നടത്തിയ പ്രഭാഷണം)*

**എ**ന്നെ ഇന്നിവിടെ എത്തിച്ച “ജനനീതി”യോട് നന്ദി പറഞ്ഞുകൊണ്ട് ഞാനിത് ആരംഭിക്കട്ടെ. കിലയിൽ ഇന്നൊരു സുപ്രധാന ശില്പശാല ഉണ്ടായിരുന്നു. വളരെ കുറച്ചു സമയമേ ബാക്കിയുണ്ടായിരുന്നുള്ളൂ എന്നിട്ടും നിങ്ങൾ എന്നെ ഇവിടെ സ്വാഗതം ചെയ്തു.

കഴിഞ്ഞ 40 കൊല്ലമായി ജനങ്ങൾക്കിടയിൽ അവരിലൊരാളായി ജീവിക്കുകയായിരുന്നു ഞാൻ. എന്നെപ്പോലെ നല്ലനിലയിൽ കഴിയുന്നവരും ജീവിതത്തിൽ പ്രത്യേകിച്ചൊരാനുകൂല്യവും ലഭിക്കാത്തവരും തമ്മിലുള്ള വ്യത്യാസം വളരെയധികമാണെന്ന് ഞാൻ കുട്ടിക്കാലം മുതൽക്കേ മനസ്സിലാക്കിയിരുന്നു. ജനസേവനത്തിലുള്ള എന്റെ താൽപര്യം സൈദ്ധാന്തികമൊന്നുമല്ല; കുട്ടിക്കാലം മുതൽക്കേ എനിക്കു തോന്നിയ വൈകാരികമായ ഒരാവശ്യമായിരുന്നു അത്. എന്റെ കുട്ടിക്കാലത്ത് മുത്തച്ഛനും മുത്തശ്ശിയും ചെന്നൈയിലായിരുന്നു താമസം. മധ്യവേനൽ അവധിക്കാലത്ത് എന്നെ മുത്തച്ഛനെ കാണാനായി ചെന്നൈയിൽ കൊണ്ടുവന്നിരുന്നു. തിരുപ്പതിയിലേക്ക് ശയനപ്രദക്ഷിണമായി തീർത്ഥാടനം നടത്തുന്ന ഒരേർപ്പാട് അന്നുണ്ടായിരുന്നു. ശരീരത്തിലാകെ മുറിവുകളോടുകൂടിയ ഒരാൾ ശയനപ്രദക്ഷിണം നടത്തുന്നതു കണ്ടപ്പോൾ മുത്തച്ഛന്റെ ഷർട്ടുകളിലൊന്ന് അയാൾക്ക് നൽകാൻ ഞാൻ ആവശ്യപ്പെട്ടു. അതുകൊണ്ട് കാര്യമില്ലെന്നും ഷർട്ടിടാതെത്തന്നെ അയാൾ ശയനപ്രദക്ഷിണം നടത്തുമെന്നും മുത്തച്ഛൻ പറഞ്ഞു.

എന്റെ അച്ഛനും അമ്മയുമാണ് എന്നിൽ മൂല്യബോധമുളവാക്കിയത്. ഏതെങ്കിലും കാര്യത്തിൽ മനോവേദന തോന്നിയാൽ അതു പരിഹരിക്കാൻ എന്തെങ്കിലും ചെയ്യണമെന്ന് അവർ പഠിപ്പിച്ചു. ഒരു കാര്യത്തിൽ ഉൽക്കണ്ഠ തോന്നിയിട്ടും ഒന്നും ചെയ്യാതിരിക്കുന്നത് ഇന്ത്യയിലെ ഇടത്തരക്കാരുടെ സ്വഭാവമാണ്.

ഇന്ത്യയിലെ ഇടത്തരക്കാർക്ക് രാജ്യത്തിന്റെ പോക്കിനെക്കുറിച്ച് വലിയ ആകാംക്ഷയാണ്. പക്ഷെ അവരൊന്നും ചെയ്യില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുള്ള കാലഘട്ടത്തിലേക്കൊന്നു പിൻതിരിഞ്ഞു നോക്കൂ. ഇടത്തരക്കാർ അന്നു എല്ലാറ്റിലും സജീവമായിരുന്നു. സ്വാതന്ത്ര്യ സമര രീതികളോട് യോജിപ്പുണ്ടോ ഇല്ലയോ എന്നത് അന്ന് പ്രശ്നമായിരുന്നില്ല. ഈ





അരുണാ റോയ്

പ്രവർത്തനങ്ങളാണ് രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചത്.

എന്നാൽ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതോടെ എന്റേതുപോലുള്ള ബൂർഷ്വാ കുടുംബങ്ങളുടെയെല്ലാം ചിന്താരീതി മാറി. ഈ സ്വാതന്ത്ര്യത്തിൽനിന്ന് എങ്ങനെ നേട്ടമുണ്ടാക്കാം? നമ്മുടെ കുട്ടികളെ വിദേശ സർവ്വകലാശാലകളിൽ പഠിപ്പിക്കുന്നതെങ്ങനെ? അവരെ ഐ.എ.എസ്സുകാരാക്കാൻ പറ്റുമോ? അവരെ എങ്ങനെ വിദഗ്ധന്മാരും സ്പെഷ്യലിസ്റ്റുകളുമാക്കാം? അവരെ എങ്ങനെ ഡോക്ടർമാരോ എഞ്ചിനീയർമാരോ ആക്കാം? അതേസമയം രാജ്യഭരണം നടക്കുന്നതെങ്ങനെയെന്നു ആരും ചിന്തിക്കാതായി. രാജ്യഭരണമൊക്കെ എങ്ങനെയെങ്കിലും നടന്നുകൊള്ളുമെന്ന് നാം കരുതുന്നു. ആരെങ്കിലുമൊക്കെ രാജ്യഭരണം നടത്തിക്കൊള്ളുമെന്നും നാം അതിൽ വേവലാതിപ്പെടേണ്ടെന്നും മിക്കവരും കരുതുന്നു. സ്വാതന്ത്ര്യം നേടിയതോടെ നമ്മുടെ ഭാരം തീർന്നുവെന്നും, ഇതിൽനിന്ന് എന്തുനേട്ടമുണ്ടാക്കാൻ പറ്റുമെന്നും മാത്രം ഇനി ചിന്തിച്ചാൽ മതിയെന്നും നാം കരുതുന്നു.

ഈ അലസതയിൽനിന്നും ഇടത്തരക്കാരെ തട്ടിയുണർത്തി എന്നതാണ് വിവരാവകാശനിയമം യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത്. പക്ഷെ ഇത് അവർക്കൊരു ഭാരം കൂടി പ്രധാനം ചെയ്തിട്ടുണ്ട്. അത്ര വിപ്ലവാത്മകമൊന്നുമല്ല. തെരുവിലിറങ്ങി വെയിൽകൊണ്ട് പ്രക്ഷോഭണം നടത്തേണ്ട കാര്യമില്ല. സുപ്രധാനമായ കുറെ ചോദ്യങ്ങൾ ചോദിക്കുക എന്നതാണത്. എങ്ങനെ ഭരിക്കുന്നു എന്നന്വേഷിക്കുക. യഥാതഥാവസ്ഥയെ ചോദ്യം ചെയ്യുക. ഇവിടെ തൃശൂർക്ക് വന്നതുപോലെ ഞാനൊരു പട്ടണപ്രദേശത്തു ചെന്നാൽ, നഗരവാസികളോട് വിവരാവകാശ നിയമം ഉപയോഗിക്കാൻ പറയും.

ഇതിന്റെയെല്ലാം ആരംഭം എങ്ങനെയായിരുന്നുവെന്ന് നിങ്ങൾക്കറി



അരുണാ റോയ് സാഹിത്യ അക്കാദമി ഹാളിൽ പ്രഭാഷണം നടത്തുന്നു.

യുമോ? 1990കളിൽ മധ്യരാജ്യസ്ഥാനിലെ പാവപ്പെട്ട കർഷകരും തൊഴിലാളികളും മിനിമം വേതനം ആവശ്യപെട്ടതോടെയായിരുന്നു തുടക്കം. രാജസ്ഥാനിൽ ഇന്നും മരാമത്തു പണികൾ നടത്തുന്നത് ഗവർമ്മേണ്ടാണ്. മരാമത്തുപണികളിൽ അധികവും ഇതിന്നകം തൊഴിലവകാശ പദ്ധതിയിൻ കീഴിൽ വന്നിട്ടുണ്ട്. ഏതായാലും മിനിമം വേതനത്തിന്നും തൊഴിലാളികൾക്ക് കിട്ടുന്ന വേതനത്തിന്നും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നു. അതിനാൽ തൊഴിലാളികൾ മിനിമം വേതനത്തിന്നായി ബഹളംകൂട്ടി. ഒടുവിൽ അധികൃതർ ഇടപെട്ടു. കണക്കു നോക്കിയപ്പോൾ തൊഴിലാളികൾ പറയുന്നത് നുണയാണെന്നു കണ്ടു. റിക്കാർട് പ്രകാരം തൊഴിലാളികൾ പണിക്കു വന്നിട്ടില്ലെന്നാണ് കണ്ടത്. അതിനാൽ പണിയെടുത്തവരുടെ റിക്കാർട് ശരിയാക്കുന്നിടത്തുനിന്നാണ് സമരം ആരംഭിക്കുന്നത്.

ഞങ്ങൾ ആ പഞ്ചായത്തിൽ ചെന്ന് റിക്കോർടുകൾ കാണണമെന്ന് ആവശ്യപ്പെട്ടു. അതൊക്കെ സർക്കാരിന്റെ രഹസ്യരേഖയാണെന്നായിരുന്നു മറുപടി. പണിക്കാരുടെ പേരെഴുതിയ പട്ടിക തയ്യാറാക്കുന്നതോടെ അതൊരു ബില്ലായി. ബിൽ ട്രഷറിയിലേക്ക് അയക്കുന്നതോടെ അത് ട്രഷറിയിലെ രഹസ്യ രേഖയായി അത് ആർക്കും കാണിച്ചുകൊടുക്കാൻ പാടില്ല.

പണിയെടുത്ത തൊഴിലാളികളുടെ പട്ടികയായി തയ്യാറാക്കുന്ന ലിസ്റ്റിൽ ഒരുപാട് കള്ളത്തരമുണ്ടെന്ന് നമുക്കെല്ലാം അറിയാം. പക്ഷെ പട്ടിക കാണാതെ എങ്ങനെ അതിൽ കള്ളത്തരമുണ്ടെന്നു സ്ഥാപിക്കാൻ കഴിയും? യഥാർത്ഥത്തിൽ പണിയെടുത്തത് പത്തുപേരാണെങ്കിൽ പട്ടികയിൽ ഇരുപതുപേർ എഴുതിച്ചേർത്താലോ? ചുരുക്കിപ്പറഞ്ഞാൽ ഞങ്ങൾ സത്യം കണ്ടുപിടിച്ച് ജനസമക്ഷം അവതരിപ്പിച്ചപ്പോൾ അവർ നടുങ്ങിപ്പോയി. ഞങ്ങൾ സർക്കാർ ഓഫീസിൽ ചെന്ന് പട്ടിക പകർത്തിയെടുത്ത് ജനങ്ങളുടെ സമ്മേളനത്തിൽ വായിച്ചു. മരിച്ചുപോയ പലരുടേയും പേർ പട്ടികയിലുണ്ടായിരുന്നു; വളരെകാലം മുമ്പ് രാജസ്ഥാൻ വിട്ടുപോയവരുടെ പേരും അതിൽ കണ്ടെത്തി. കൈക്കോട്ടെടുത്ത് പണിയെടുക്കാൻ അറിവില്ലാത്തെ എന്നെപ്പോലെയുള്ളവരുടെ പേരും വേറെ ജോലികൾ നോക്കുന്നവരുടെ പേരുമെല്ലാം അതിൽ കണ്ടു. ഇതൊക്കെ കണ്ടപ്പോൾ ജനങ്ങൾ ക്ഷോഭിച്ചിളകി. സർക്കാർ രേഖ കണ്ടേ തീരൂ എന്ന് അവർ നിർബ്ബന്ധിച്ചു. അവർതന്നെ വിവരാവകാശം എന്ന ആശയത്തിന്ന് രൂപം നൽകി. അതുകൊണ്ടാണ് ഇന്ത്യൻ വിവരാവകാശ നിയമം മെക്സിക്കോയിലെ നിയമത്തിൻനിന്നും ആസ്ത്രേലിയൻ നിയമത്തിൽനിന്നും ബ്രിട്ടീഷ് നിയമത്തിൽനിന്നുമെല്ലാം വ്യത്യസ്തമായിരിക്കുന്നത്. ഇന്ത്യയിലെ ഇടത്തരക്കാരാണ് വിവരാവകാശ നിയമം ഉപയോഗപ്പെടുത്തുന്നതെങ്കിലും നിയമത്തിന്റെ ആവശ്യകത മനസ്സിലാക്കിയതും അതിന്നു രൂപം നൽകിയതും സാധാരണക്കാരാണ്.

ഇന്ത്യ ഒരു ആശയദ്വയമാണെന്ന് നിങ്ങൾക്കറിയാം. ഒന്ന് ഇന്ത്യയും മറ്റേത് ഭാരതവും. ഭരതം എന്ന ഇന്ത്യ എന്നാണ് നാം പറയാറുള്ളത്. ഭാരത് എന്നത് ഇന്ത്യയിലെ പ്രജകളാണ്. നിങ്ങളെപ്പോലേയും എന്നെപ്പോലേയും ഉള്ള പൗരന്മാർക്കുള്ളതാണ് ഇന്ത്യ. ഭാരതത്തിലെ പ്രജകൾക്ക് നിയമജ്ഞാനമില്ല; ഇംഗ്ലീഷ് പരിജ്ഞാനമില്ല. അവർക്ക് അവകാശങ്ങളില്ല.

ഭരണഘടന നമുക്ക് പരമാധികാരം നൽകുന്നുണ്ടെങ്കിൽ, ആ പരമാധികാരം നിക്ഷിപ്തമായിരിക്കുന്നത് ജനങ്ങളിലാണ്; ജനപ്രതിനിധികളിലല്ല; മുഖ്യമന്ത്രിയിലല്ല; ഐ.എ.എസ്. കാരിലല്ല, ചീഫ് സെക്രട്ടറിയിലല്ല, എന്നിലും നിങ്ങളിലുമാണ്. നാം ആ പരമാധികാരം അവർക്ക് കൈമാറുക മാത്രമാണ് ചെയ്തിട്ടുള്ളത്; നല്ല ജനസേവകരെന്ന നിലക്ക് ഭരിക്കാൻ മാത്രമാണത്. നാം അതു മറന്നിരിക്കുന്നു. അതിനാൽ സർക്കാർ രേഖകൾ കാണാൻ ജനങ്ങൾ പ്രക്ഷോഭണം നടത്തി. 1996ൽ ബിഹവാർ എന്ന സ്ഥലത്ത് വളരെ നീണ്ടൊരു ധർണ നടത്തി. ചന്തയുടെ ഒത്ത നടുക്ക് ജനങ്ങൾ 40 ദിവസം ധർണ നടത്തി. ഒന്നാമത്തെ ദിവസം ഞങ്ങൾ ധർണക്ക് ചെന്നപ്പോൾ, എന്തിനാണിതെന്ന് ജനങ്ങൾ ചോദിച്ചത് ഞാനിന്നും ഓർക്കുന്നു. പാവങ്ങൾക്ക് ഇതിലെന്താണ് കാര്യമെന്നാണവർ ചോദിച്ചത്. ഞങ്ങളവിടെ ഇരുന്നപ്പോൾ ജനങ്ങളും ഇരുന്നു. ഞങ്ങൾ കാര്യം പറഞ്ഞപ്പോൾ, ഇതൊരു പ്രധാന കാര്യം തന്നെയാണെന്ന് അവരും മനസ്സിലാക്കി. ഭക്ഷണത്തിന്നുള്ള അവകാശവും പ്രധാനമാണ്; ആരോഗ്യത്തിന്നുള്ള അവകാശവും പ്രധാനമാണ്. അവകാശം ഏതായാലും പ്രധാനമാണ്. അതിനാൽ അവകാശത്തിന്റെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കി.

ഞങ്ങൾ ജനങ്ങളിൽനിന്ന് 86,000 ക. പണമായി ശേഖരിച്ചു. ഞങ്ങളുടേത് ഒരു സർക്കാരേതര സംഘടനയായിരുന്നില്ല. ഒരിടത്തുനിന്നും ഞങ്ങൾക്ക് സഹായവും ലഭിച്ചിരുന്നി

ല്ല. ജനങ്ങൾ നൽകുന്ന സംഭാവന കൊണ്ട് ഞങ്ങൾ കാര്യം നടത്തി. രാവിലെ പണിക്കു പോകുകയും ഉച്ച തിരിഞ്ഞ് സ്കൂളിൽ പോകുകയും ചെയ്യുന്ന ഒരു ബാലനുണ്ടായിരുന്നു. ആ കുട്ടി ദിവസവും രണ്ടു രൂപവീതം സംഭാവന തരാറുണ്ട്. ചായക്കടക്കാരൻ ഞങ്ങൾക്ക് ചായ തന്നിരുന്നു. ഒരു വീഡിയോഗ്രാഫർ സൗജന്യമായി വീഡിയോ എടുത്തു. വെള്ളവും പച്ചക്കറിയും ജനങ്ങൾ തരും. ധർണക്കുവരുന്നവർ ദിവസവും നാലു കിലോ ധാന്യം കൊണ്ടുവരാറുണ്ട്. നാല്പതു ദിവസത്തെ ധർണക്കിടയിൽ ഞങ്ങൾ 20 ക്വിന്റൽ ധാന്യം തിന്നു തീർത്തുവെന്നു പറഞ്ഞാൽ ധർണ എത്ര വലുതായിരുന്നുവെന്ന് നിങ്ങൾക്കൂഹിക്കാം. ഈ സമരത്തിന്റെ ആദ്യഘട്ടത്തിൽ എം.പി. പരമേശ്വരനും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു.

ഒടുവിൽ വിവരാവകാശ നിയമത്തിന്റെ ഒരു കരടുരൂപം തയ്യാറാക്കാൻ തീരുമാനിച്ചു. ജ: പി.വി. സാവന്തിന്റെ അധ്യക്ഷതയിലുണ്ടായിരുന്ന ഇന്ത്യൻ പ്രസ്സ് കൗൺസിലിനെ ആ ഭാരം ഏല്പിച്ചു. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും എല്ലാ തരക്കാരുടേയും അഭിപ്രായം ക്ഷണിച്ചു വരുത്തി. ജ: സാവന്ത് രാഷ്ട്രീയക്കാരുടേയും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥ പ്രമുഖരുടേയുമെല്ലാം അഭിപ്രായവും ആരാഞ്ഞു.

ചർച്ചകക്കൊടുവിൽ ഗ്രാമത്തിൽനിന്ന് എന്റെ കൂടെവന്ന ശുശീലയോട് വിവരാവകാശത്തെപ്പറ്റി എന്തറിയാം എന്നു ചോദിച്ചു. "ജനങ്ങൾക്ക് ഭരണകാര്യമൊന്നും അറിയില്ലെന്നു കരുതുന്നവരാണ് അധികാരികൾ. ഞാൻ പത്തു രൂപയും കൊടുത്ത് മകനെ ചന്തയിലേക്കയക്കുന്നു. അവൻ മടങ്ങിവരുമ്പോൾ ഞാൻ കണക്കു ചോദിക്കും. ഈ ഗവർമ്മേണ്ട് എന്റെ പേരിൽ കോടിക്കണക്കിന്നു രൂപയാണ് ചെലവാക്കുന്നത്. അതിന്റെ കണക്കറിയാൻ എനിക്കവകാശമുണ്ട്" എന്ന് ശുശീല പറഞ്ഞു.

ജ: സാവന്താണ് നാനാതരക്കാരുമായി കൂടിയാലോചിച്ച് വിവരാവകാശ നിയമത്തിന്റെ കരടുരൂപം തയ്യാറാക്കിയതെങ്കിലും നിരന്തരമായ ജനകീയ സമരം കൊണ്ടേ അത് നിയമമാക്കിമാറ്റാൻ കഴിഞ്ഞുള്ളൂ. വിവരാവകാശ നിയമത്തിന്നുള്ള പ്രക്ഷോഭണം വളർന്നപ്പോൾ ശാസ്ത്രജ്ഞരും അഭിഭാഷകരും പത്രക്കാരുമെല്ലാം പിന്തുണയുമായെത്തി. വിവരാവകാശ നിയമം കൂടാതെ ഭരണ രംഗത്തുനിന്ന് അഴിമതി ഒഴിവാക്കാൻ കഴിയുകയില്ല. അഴിമതി വ്യാപകമാണ്. ദിവസേന ഓരോ കുംഭകോണം പുറത്തു വരുന്നു. ഈയിടെ ദൽഹിയിലെ ഒരു കുംഭകോണത്തിന്റെ കഥ പുറത്തുവരികയുണ്ടായി. ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ ടൺകണക്കിന് സ്വർണം സംഭരിച്ചു കൂട്ടിയിട്ടുണ്ടത്രെ. ഖജനാവ് ചോർത്തിയുണ്ടാക്കിയതാണിതെല്ലാം. സർക്കാർ കാര്യങ്ങൾ സുതാര്യമല്ലാത്തതുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നത്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണം ഗുജറാത്താണ്. അവിടെ 2002ൽ നടന്ന കൂട്ടക്കൊല നോക്കൂ. ദുർഭരണവും തെറ്റായ വിവരങ്ങളും ഒരു ജനതയെ അക്രമങ്ങൾക്ക് സന്നദ്ധരാക്കുന്നു. (തുടരും)





# പ്രത്യയശാസ്ത്ര നിരോധനം: ചിദംബരത്തിനെന്തുപറ്റി?

- ടി.വി. അച്ചുതവാര്യർ -

കേന്ദ്രമന്ത്രിസഭയിൽ ഇന്ന് പ്രാപ്തിയുള്ളവർ അപൂർവ്വമാണ്; അങ്ങനെയുള്ള അപൂർവ്വരിൽ അപൂർവ്വമായ ഒരാളാണ് ഇന്ന് ആഭ്യന്തര കാര്യം കൈകാര്യം ചെയ്യുന്ന മന്ത്രി ചിദംബരം. ചിദംബരത്തെ ധനകാര്യ വകുപ്പിൽനിന്ന് ആഭ്യന്തര വകുപ്പിലേക്ക് മാറ്റി പ്രതിഷ്ഠിച്ചപ്പോൾ ഒരു രണ്ടാം പട്ടേലിന്റെ ആഗമനമാകും അതെന്ന് പലരും ആശിച്ചിരുന്നു. പക്ഷെ സംഭവിച്ചതോ സംഭവിച്ചുകൊണ്ടിരിക്കുന്നതോ അങ്ങനെയൊന്നുമല്ല.

മേയ് ആദ്യവാരത്തിൽ കേന്ദ്ര ആഭ്യന്തരവകുപ്പ് ഇന്ത്യയിലെ ജനങ്ങൾക്കെല്ലാമായി ഒരു താക്കീത് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു: മാവോയിസ്റ്റ് പ്രത്യയശാസ്ത്രത്തെ പിന്താങ്ങുന്നത് 1967ലെ നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമപ്രകാരം ശിക്ഷാർഹമാകുമെന്നും പത്തുകൊല്ലംവരെ തടവും കൂട്ടത്തിൽ പിഴയും വിധിച്ചേക്കുമെന്നുമാണ് അതിൽ മുന്നറിയിപ്പ് നൽകുന്നത്. സാമൂഹ്യ സംഘടനകൾ, സർക്കാരേതര സംഘടനകൾ, ബുദ്ധിജിവികൾ, പൊതുജനങ്ങൾ എന്നിവർക്കെല്ലാമായി പ്രസിദ്ധീകരിച്ചിരിക്കുന്ന താക്കീതാണിത്.

ഒട്ടേറെ പത്രപ്രവർത്തകരും അരുന്ധതി റോയിയെപ്പോലെയുള്ള പല പൊതുപ്രവർത്തകരും മാവോയിസ്റ്റ് നേതാക്കളെകണ്ട് സംഭാഷണം നടത്തുന്നതും അക്കാര്യം പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതുമാണ് കേന്ദ്ര ഗവർമ്മേണ്ടിനെ ക്ഷോഭിപ്പിച്ചിരിക്കുന്നതെന്നു വ്യക്തം. ഗവർമ്മേണ്ട് എടുത്തുകാണിക്കുന്ന 1967ലെ നിയമം മാത്രമല്ല ഇന്ത്യയിലെ എല്ലാ നിയമങ്ങളും കുറ്റം ചെയ്തവനെ ശിക്ഷിക്കാൻ മാത്രമേ അനുമതി നൽകുന്നുള്ളൂ. സോഷ്യലിസം, കമ്യൂണിസം, ഗാന്ധിസം തുടങ്ങിയ പല പ്രത്യയശാസ്ത്രങ്ങളും ലോകത്തിലുണ്ട്. അവയിൽ ഏതിലെങ്കിലും വിശ്വസിച്ചുവെന്നത് ഒരു കുറ്റകൃത്യമാകുന്നില്ല. ഡോ. വിനായക് സെന്നിനെപ്പോലെ ഒട്ടേറെ പേരെ ഗവർമ്മേണ്ട് മാവോയിസ്റ്റ് മുദ്രകുത്തി അറസ്റ്റ് ചെയ്തിട്ടുണ്ടെന്നത് ശരിയാണ്. ഇപ്പോഴും ആയിരക്കണക്കിന്ന് ആളുകൾ മാവോയിസ്റ്റ് മുദ്രയും പേറി വിവിധ ജയിലുകളിൽ കിടക്കുന്നുണ്ടെന്നതും ശരിയാണ്.



ആഭ്യന്തരകാര്യ മന്ത്രി പി. ചിദംബരം

പക്ഷെ അത്രതന്നെ ശരിയായ മറ്റൊരു കാര്യംകൂടിയുണ്ട്. ഇവരിൽ ഒരാളെപോലും ഒരു കോടതിയും ശിക്ഷിച്ചിട്ടില്ല എന്നതാണ്. പ്രതികളുടെമേൽ ചുമത്തപ്പെട്ട കുറ്റാരോപണങ്ങളിൽ ഒന്നുപോലും കോടതിയിൽ തെളിയിക്കാൻ പോലീസിന്നു കഴിഞ്ഞിട്ടില്ലെന്നർത്ഥം.

മാവോയിസ്റ്റുകൾ നിർദ്ദോഷികളായ ജനങ്ങളെ കൊന്നുകൊണ്ടിരിക്കുകയാണെന്നും വികസനം അവികസിത മേഖലകളിലെത്തുന്നത് തടയാൻ മോവോയിസ്റ്റുകൾ അടിസ്ഥാന സൗകര്യങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും ഗവർമ്മേണ്ടിന്റെ പ്രസ്താവനയിൽ പറയുന്നുണ്ട്. ഇതു വായിക്കുന്ന ഒരാൾ തീർച്ചയായും ഒന്നു പുഞ്ചിരി തൂകിപ്പോകും. മാവോയിസ്റ്റുകൾ തല നീട്ടിയത് ഇന്നലയോ മിനിഞ്ഞാന്നോ ആണെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ഇന്ത്യ സ്വതന്ത്രയായിട്ട് അറുപതു കൊല്ലം കഴിഞ്ഞു. ആഭ്യന്തരകാര്യമന്ത്രി ചിദംബരത്തിന്റെ പാർട്ടിയായ കോൺഗ്രസ്സ് തന്നെയാണ് ഇതിൽ അമ്പതു കൊല്ലവും ഇവിടെ ഇരുന്നു ഭരിച്ചത്. അവികസിത മേഖലകളിലേക്ക് വികസനവണ്ടി ഓടിച്ചുകയറ്റാൻ ഇത്രകാലവും എന്തായിരുന്നു തടസ്സം? മാവോയിസ്റ്റ് മേഖലകളിൽ പാവങ്ങൾ കൊല്ലപ്പെടുന്നുണ്ടെന്നതു ശരിയാണ്. പക്ഷെ ആരാണ് അവരെ കൊല്ലുന്നത്? അതിന്റെ ഒരു കണക്കെടുക്കാൻ എന്താണിത്ര വിഷമം? ഒരു കേസിലെ സാക്ഷികളായ ഒമ്പതുപേർ വെറുതെ അപ്രത്യക്ഷരായതിനെപ്പറ്റി സുപ്രീം കോടതി ഈയിടെ പറഞ്ഞതെന്താണ്?

കേന്ദ്രഗവർമ്മേണ്ടിന്റെ താക്കീതുകളൊന്നും എങ്ങും ഫലിക്കാൻ പോകുന്നില്ല. ഈ താക്കീത് പ്രസിദ്ധീകരിച്ച് ഒരാഴ്ചക്കകമാണ് ഇന്ത്യയിലെ പ്രധാന പത്രങ്ങളെല്ലാം ഛത്തിസ് ഗഡിലെ വനാന്തരങ്ങളിൽകടന്ന് മാവോയിസ്റ്റ് നേതാക്കളുമായി അഭിമുഖ സംഭാഷണം നടത്തി വാർത്തകൾ പ്രസിദ്ധീകരിച്ചത്. വായനക്കാർക്ക് എന്തെങ്കിലും സംശയമുണ്ടായെങ്കിലോ എന്നു കരുതി അവർ ഡസൻ കണക്കിന് ചിത്രങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി.

മാവോയിസ്റ്റ് സംഘടനയും അതിന്റെ നേതൃത്വത്തിലുള്ള വിവിധ മുന്നണി സംഘടനകളും ഭീകര സംഘടനകളാണെന്നും ആയുധ പ്രയോഗത്തിലൂടെ ഗവർമ്മേണ്ടിനെ അട്ടിമറിക്കലാണ് അവരുടെ ലക്ഷ്യമെന്നും ഗവർമ്മേണ്ട് ചൂണ്ടിക്കാട്ടുന്നുണ്ട്. സമൂഹത്തിലെ ഒരു വിഭാഗത്തിന്നു മാത്രമേ ഇതൊക്കെ മനസ്സിലാക്കാൻ കഴിവുള്ളൂ എന്നത് വലിയൊരു പ്രശ്നമാണ്. ആദിവാസികളെപ്പോലുള്ളവർക്ക് ഒരു പ്രത്യയ ശാസ്ത്ര പ്രതിബദ്ധതയുമില്ല. ഗവർമ്മേണ്ടിന്റെ മുന്നറിയിപ്പ് വായിച്ച് മനസ്സിലാക്കാനുള്ള ശേഷിപോലും അവർക്കില്ല. കോൺഗ്രസ്സാണോ കമ്യൂണിസ്റ്റാണോ മാവോയിസ്റ്റാണോ എന്നൊന്നും അവർക്കറിയില്ല. തങ്ങളുടെ ഭൂമി പിടിച്ചെടുക്കാനും ഉപജീവനമാർഗ്ഗം നശിപ്പിക്കാനും ശ്രമിക്കുന്നവരെ അവർ എതിർക്കുന്നു. അതിന്നു പിന്തുണ നൽകുന്നവരെ അവർ സ്വന്തക്കാരായി കരുതുന്നു. ആദിവാസികളുടെ കാര്യം മാത്രമല്ല ഇത്. മുമ്പ് ബംഗാളിൽ ടാറ്റയുടെ ചെറുകാർ നിർമ്മാണത്തിന്ന് ഭൂമി പിടിച്ചെടുത്തപ്പോൾ, അതിനെ എതിർത്തത് ആദിവാസികളല്ല; അവിടെ സമരം നടത്തിയത് മാവോയിസ്റ്റുകളുമല്ല. സ്വന്തം ഭൂമി നഷ്ടപ്പെടുമെന്നു വരുമ്പോൾ, ഉപജീവനമാർഗ്ഗം മുട്ടുമെന്നു വരുമ്പോൾ, ആരായാലും എതിർക്കുമെന്ന് ബംഗാൾ നമ്മെ പഠിപ്പിക്കുന്നു. അളമുട്ടിയാൽ ചേരയും കടിക്കും. ഛത്തിസ് ഗഡിലെ ആദിവാസികൾ ചെയ്യുന്നതും അതാണ്. ഒറീസയിലും മഹാരാഷ്ട്രത്തിലും ആന്ധ്രയിലുമെല്ലാം നാം കണ്ടുവരുന്നതും ഇതാണ്. ഈ സംസ്ഥാനങ്ങളിലെല്ലാം പ്രകൃതിവിഭവങ്ങൾ അതിസുലഭമാണ്. ഓരോ ആദിവാസിയേയും പൊന്നുകൊണ്ട് തുലാഭാരം നടത്താൻ വേണ്ടത്ര പ്രകൃതി വിഭവങ്ങൾ അവിടെയുണ്ട്. ഭരണാധികാരികൾ അതൊക്കെ തീർത്തും നിയമവിരുദ്ധമായി സ്വദേശീയരും വിദേശീയരുമായ മുതലാളിമാർക്ക് എഴുതിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ഭരണഘടനയിലെ അഞ്ചാം പട്ടിക പ്രകാരം ഗോത്രവർഗ്ഗമേഖലകളിൽ കാൽകുത്താൻ പോലും അവരുടെ അനുവാദം വാങ്ങേണ്ടതുണ്ട്. പക്ഷെ ഒരു ഗവർമ്മേണ്ടും അതൊന്നും കാര്യമാക്കുന്നില്ല. ഈ ലോകത്തിലെ നിയമലംഘകരുടെ ഒരു പട്ടിക തയ്യാറാക്കാൻ ഐക്യരാഷ്ട്രസമിതി മുതിരുന്ന പക്ഷം അതിൽ ഒന്നാം സ്ഥാനം ഇന്ത്യാ ഗവർമ്മേണ്ടിന്നും സംസ്ഥാന ഗവർമ്മേണ്ടുകൾക്കുമായിരിക്കും. ഒരു പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ അതിന്റെ പാരിസ്ഥിതികാഘാതം സംബന്ധിച്ച് അന്വേഷണം നടത്തിയിരിക്കണമെന്ന് നിയമമുണ്ടാക്കിയത് പാർലിമെന്റാണ്; ഈ നിയമത്തെ ലംഘിക്കാത്ത ഒരു പദ്ധതി പോലും അടുത്ത കാലത്തൊന്നും ഇന്ത്യയിൽ തയ്യാറാക്കിയിട്ടില്ലെന്ന് നമുക്കറിയാം. മധ്യേന്ത്യയിലെ വനമേഖലയിലെ നിരക്ഷരരായ ആദിവാസികളെ കബളിപ്പിച്ചുകൊണ്ട് അവരുടെ ഭൂമിയെല്ലാം കണ്ട മുതലാളിമാർക്ക് ചാർത്തിക്കൊടുത്തുകൊണ്ടിരിക്കുന്നു. കൽക്കരിയുടേയും ഇരുമ്പയിരിന്റേയും ചെമ്പയിരിന്റേയുമെല്ലാം നിറകുടങ്ങളാണ് ഇങ്ങനെ സ്വദേശീയരും വിദേശീയരുമായ മുതലാളിമാർക്ക് ചാർത്തിക്കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഓഹരി ഗവർമ്മേണ്ടിന്നും കിട്ടുമെന്നതുകൊണ്ടാകാം ആരും പ്രതിഷേധിക്കാറില്ല; പ്രതിഷേധിച്ചാൽ വികസന വിരുദ്ധരെന്നു മുദ്രയടിച്ച് ജയിലിലടക്കുകയും ചെയ്യും.

ഇങ്ങനെയുണ്ടാകുന്ന ഭീമമായ വിടവിലേക്കാണ് മാവോയിസ്റ്റുകൾ സസന്തോഷം ഇറങ്ങിവരുന്നത്. മറ്റാരും സഹായിക്കാനില്ലാത്തതിനാൽ, ആദിവാസികൾ ഈ മാവോയിസ്റ്റുകളുടെ അനുയായികളായിത്തീരുന്നു. കുറെ പേരെ ഗവർമ്മേണ്ട് വേട്ടയാടി കൊന്നിട്ടുണ്ട്. പക്ഷെ മാർക്സ് പറഞ്ഞതുപോലെ ചങ്ങലയല്ലാതൊന്നും നഷ്ടപ്പെടാനില്ലാത്ത ആദിവാസികൾ അതിനെ കാര്യമാക്കുന്നില്ല. പ്രത്യയശാസ്ത്രമൊന്നുമല്ല, ശുദ്ധ ഗതികേടാണ് ആദിവാസികളെ മാവോയിസ്റ്റ് പാളയത്തിലെത്തിക്കുന്നത്.

ലളിതമായ ഈ സത്യം മനസ്സിലാക്കാൻ ആഭ്യന്തരകാര്യ മന്ത്രിക്ക് കഴിയുന്നില്ല എന്നതാണ് അത്ഭുതകരം. ചിദംബരത്തിന്റെ താക്കീത് അങ്ങാടി മരുന്നാണോ പച്ചമരുന്നാണോ എന്നറിയാത്തവരാണ് നിരക്ഷരരായ ആദിവാസികൾ; അതേ സമയം ചിദംബരത്തിന്റെ രോഷത്തിന്നു പാത്രമായ ബുദ്ധിജീവികളും സർക്കാരേതര സംഘടനകളും മറ്റും കർമ്മരംഗത്തു നിന്ന് ആയിരക്കണക്കിന്ന് കിലോമീറ്റർ ദൂരെ ജീവിക്കുന്നവരുമാണ്. ഗവർമ്മേണ്ടിന്ന് ആരെ വേണമെങ്കിലും പിടികൂടി ജയിലിലിടാൻ കഴിയുമെന്നത് ഒരു വസ്തുതയാണ്. പക്ഷെ നുള്ളിക്കളയുംതോറും മുളച്ചുവരുന്ന രാവണശിരസ്സാണ് അഭിപ്രായ പ്രകടന സ്വാതന്ത്ര്യമെന്നതും ഒരു വസ്തുതയാണ്. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-05-2010

# ഭക്ഷണവും വെള്ളവും കഴിക്കാതെ 15 ദിവസം



പ്രഹ്ലാദ് ജനി

ഗുജറാത്തിലെ ജൈനസന്യാസിയായ പ്രഹ്ലാദ് ജനിയുടെ മേൽ ശാസ്ത്രജ്ഞന്മാർ നടത്തിവന്നിരുന്ന പരീക്ഷണ നിരീക്ഷണങ്ങൾ മേയ് 6ന്ന് അവസാനിച്ചു.

ദേശരക്ഷാവകുപ്പിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെ മുതിർന്ന ഡോക്ടർമാരും സൂപ്പർ സ്പെഷ്യലിസ്റ്റുകളായ 35 ഡോക്ടർമാരുമാണ് ഗവേഷണത്തിൽ പങ്കെടുത്തിരുന്നത്.

ജനിക്ക് 82 വയസ്സുണ്ട്. കഴിഞ്ഞ 76 വർഷമായി അദ്ദേഹം ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ മലമൂത്ര വിസർജ്ജനം നടത്തുകയോ ചെയ്തിട്ടില്ലെന്ന് ശിഷ്യന്മാർ പറയുന്നു. ഏതായാലും ഇവിടത്തെ ശാസ്ത്രജ്ഞൻമാരുടെ നിരീക്ഷണ പരീക്ഷണങ്ങൾ ഏപ്രിൽ 22 മുതൽ മേയ് 6 വരെയായിരുന്നു.

വടക്കൻ ഗുജറാത്തിലെ അംബാജി എന്ന ക്ഷേത്രനഗരത്തിലാണ് ജനി താമസിക്കുന്നത്. ശാസ്ത്രജ്ഞന്മാരുടെ ഗവേഷണ നിരീക്ഷണങ്ങൾക്കായി അദ്ദേഹത്തെ അഹമ്മദാബാദിലെ ഒരു ആസ്പത്രിയിൽ പ്രവേശിപ്പിക്കുകയാണുണ്ടായത്. ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ഉപയോഗിച്ച് ദിവസത്തിൽ 24 മണിക്കൂറും അദ്ദേഹത്തെ നിരീക്ഷണ വിധേയനാക്കിയിരുന്നു. ഇടക്കിടെ കുളിക്കുകയും നല്ല വെള്ളമെടുത്ത് കുലുക്കുഴിഞ്ഞ് തുപ്പുകയും മാത്രമാണ് ജനി ചെയ്തുവരുന്നത്.

ദേശരക്ഷാ ഗവേഷണ വികസന സംഘടനയിലെ ഡോ. ഇളവഴകൻ പറഞ്ഞത്, ദേശരക്ഷാ വകുപ്പിന്ന് ഇത് വളരെ പ്രധാനമാണെന്നാണ്. ഭക്ഷണം കഴിക്കുകയോ ജലപാനം നടത്തുകയോ മല-മൂത്ര വിസർജ്ജനം നടത്തുകയോ ചെയ്യാതെ ഒരാൾക്കെങ്ങനെ ദീർഘകാലം കഴിച്ചുകൂട്ടാൻ പറ്റും എന്നു മനസ്സിലാക്കുകയാണ് ഈ ഗവേഷണത്തിന്റെ ലക്ഷ്യം. ഇങ്ങനെ ഒരാൾക്ക് കഴിയുമെങ്കിൽ, അതിന്നുള്ള മെക്കാനിസം എന്ത് എന്നറിയണം.

ഇതുവരെ നടത്തിയിട്ടുള്ള പരീക്ഷണങ്ങളുടെ ഫലം സൂക്ഷ്മമായി വിശകലനം ചെയ്യാൻ രണ്ടാഴ്ച വേണ്ടിവരും. ചിലത് രണ്ടുമാസം വരെ നീണ്ടുപോകും.

ഭക്ഷണവും വെള്ളവും മല-മൂത്ര വിസർജ്ജനവും കൂടാതെ ജീവിക്കാൻ കഴിവുണ്ടാക്കുന്നത് സൗരോർജ്ജമാണെന്ന് ശിഷ്യന്മാർ പറയുന്നു. ❏

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.